# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 08 NOVEMBER 2025 | ക്രിസ്തീയ കുടുംബ മാസിക



പ്രിയമുള്ളവരേ , നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു.
സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു.

(1 യോഹന്നാൻ 4:7)

# EDITORIAL

## ചെയ്യുന്നതൊക്കെയും കർത്താവിന്നു എന്നപോലെ

"നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്കെന്നല്ല. കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ" (കൊലൊസ്സ്യർ 3:23,24). കർത്താവിനെ കണ്ടുമുട്ടുന്നതിന് മുമ്പ് മദ്യപാനം പുകവലി വെറിക്കുത്തുകൾ എന്നവയിലൂടെ ജീവിതം നയിച്ച ഞാൻ, പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്ന കർത്താവിനെ കണ്ട് മുട്ടിയതിന് മുമ്പും ശേഷവുമുള്ള ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കി. നാം പാപികൾ ആയിരുന്നപ്പോൾ ആണ് കർത്താവ് നമ്മെ സ്നേഹിച്ചത്. രാവും പകലും കഠിനാദ്ധ്വാനം ചെയ്ത്, മലർപ്പൊടിക്കാരൻ സ്വപ്നം കണ്ടതുപോലെ ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും അതിന് ഇത്ര ഫലം കിട്ടും, അത് വിൽക്കുമ്പോൾ ഇത്ര രൂപ ലഭിക്കും അതുകൊണ്ട് ഇന്നിന്ന കാര്യങ്ങൾ ചെയ്യാം എന്നെല്ലാം കണക്കുകൂട്ടി രാവും പകലും എല്ലുമുറിയെ പണിയെടുത്തെങ്കിലും മാസാവസാനം നോക്കുമ്പോൾ നിരാശ മാത്രം. അങ്ങനെ ഇരിക്കെ യേശുവിന്റെ സ്നേഹം തിരിച്ചറിയാനും കുടുംബമായി ദൈവവേലയിലും പ്രാർത്ഥനാജീവിതത്തിലും മുന്നോട്ട്‌വന്നപ്പോൾ ഞങ്ങളുടെ സ്ഥിതിക്ക് സമൂലമായ മാറ്റം നൽകിയ കർത്താവിനെ സാക്ഷീകരിക്കുവാൻ സന്തോഷമുണ്ട്. വിമുക്തഭടനായ ഞാൻ മദ്യപാനം നിർത്തുക മാത്രമല്ല 'ക്വാട്ട' കിട്ടുന്ന മദ്യം വാങ്ങുന്നത് പോലും നിർത്തുകയും, വാങ്ങുവാൻ ഉപയോഗിക്കുന്ന 'ലിക്വർ കാർഡ്' കീറികളയുവാനും കർത്താവ് ബലപ്പെടുത്തി. ദൂരത്തായിരിക്കുന്ന മക്കളെയും മരുക്കളെയും കൊച്ചുമക്കളെയും എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ച് ദിനംപ്രതി അനുഗ്രഹിച്ച് പ്രാർത്ഥിക്കുമ്പോൾ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കുന്ന ഒരു കർത്താവിനെ 'രുചിച്ചറിയുവാൻ' ഈ നാളുകളിൽ ദൈവം സഹായിച്ചു. വിദേശത്ത് എന്റെ മൂത്തമകൻ ഓടിച്ച കാർ, ഒരു ട്രക്കിന്റെ വശത്ത് മുട്ടി നിയന്ത്രണം നഷ്ടപ്പെട്ട് രണ്ട് മൂന്ന് മറിച്ചിൽ മറിഞ്ഞ് വശത്തെ കാടുപിടിച്ച സ്ഥലത്ത് വീണു. അതിൽ നിന്ന് സ്വയം പുറത്തിറങ്ങി നടന്ന് റോഡിൽ കയറിവരാനും, ട്രക്ക്ഡ്രൈവർ അറിയിച്ച് വന്ന പോലീസിന്റെ സഹായത്തോടെ ആശുപത്രിയിൽ പോകാനും സാധിച്ചു. വലത്തോളിന് കുറേ ചതവല്ലാതെ വേറെ ഒന്നും സംഭവിക്കാതെ സൂക്ഷിച്ച കർത്താവിനെ സ്തോത്രം ചെയ്യുന്നു. "അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു. അവയിൽ ഒന്നും ഒടിഞ്ഞു പോകയുമില്ല." (സങ്കീർത്തനം 34:20) എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ അനുഭവമായി.

ചെയ്യുന്നത് ഒക്കെയും കർത്താവിനെന്നപോലെ മനസ്സോടെ ചെയ്താൽ അതിന് തക്ക പ്രതിഫലം നിശ്ചയമാണ്. കാലം അതിന്റെ അന്ത്യത്തിലേക്ക് ദ്രുതപ്രയാണം നടത്തുമ്പോൾ കർത്താവിന്റെ വേലയിൽ വർദ്ധിച്ച് വരാനും വിശുദ്ധിയിലും വിശ്വാസത്തിലും ജീവിതം നയിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.



രാജൻ എം. തോമസ്

●●●

# CONTENTS


03 "ആയുധം ധരിച്ച വില്ലാളികൾ"
ഡോ. വി. പി. മത്തായി വാലയിൽ

05 മരുഭൂമിയിൽ വഴി ഒരുക്കുന്നു
ഡോ. നെൽസൻ മാത്യു വാലയിൽ

07 വിവാഹജീവിതം സാഫല്യം ആക്കാൻ അടിസ്ഥാന ഘടകങ്ങൾ (തുടർച്ച)
പ്രൊഫ. ജോൺ സക്കറിയ

09 "ആക്രിയുണ്ടോ, ആക്രി?"
ബാബു അഞ്ചേരി

11 പത്രോസ്
സോജ ടോണി

13 ബന്ധങ്ങളിലുള്ള ആസക്തി
റവ. ബേസിൽ ജോർജ്ജ്

15 ശത്രുക്കളെ സ്നേഹിപ്പിൻ
ടീച്ചർ

25 കൃപയും പ്രവൃത്തികളും
സി. ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger


# EDITORIAL BOARD


PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# "ആയുധം ധരിച്ച വില്ലാളികൾ"

**യുദ്ധത്തിനായി സർവ്വായുധവർഗ്ഗം ധരിച്ചാൽ പിന്നീട് പിറകോട്ട് പോയിക്കൂടാ മുന്നോട്ടു മാത്രമാകണം ആ ലക്ഷ്യം.**

യുദ്ധങ്ങളുടെ പരമ്പരകൾ ലോകമെങ്ങും നടക്കുന്നു. റഷ്യ – ഉക്രൈൻ യുദ്ധം, യിസ്രായേൽ – ഹമാസ് യുദ്ധം ഇത് രണ്ടുമാണ് പ്രസിദ്ധമായിരിക്കുന്നതെങ്കിൽപ്പോലും അറിയപ്പെടാത്ത യുദ്ധങ്ങൾ ലോകത്ത് നടക്കുന്നു. അതിനെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്, ലോകത്ത് യുദ്ധം ഇല്ലാത്ത ഒരു ദിവസം പോലും ഇല്ല എന്നാണ്. സമാധാനമുണ്ടാക്കാൻ വേണ്ടിയാണ് ഇപ്പോഴത്തെ യുദ്ധങ്ങൾ. ഇപ്പോൾ, കോടികൾ മുടക്കി സമാഹരിച്ചുവെച്ചിരിക്കുന്ന ആയുധങ്ങൾ കാലഹരണപ്പെടും എന്ന ചിന്തകൾ നിമിത്തം എവിടെയെങ്കിലും, എങ്ങനെയെങ്കിലും, പൊട്ടിച്ച്തീർക്കുക എന്ന നയമാണ് ലോകരാഷ്ട്രങ്ങൾ സ്വീകരിക്കുന്നത്. ഇതാണ് ആധുനിക കാലഘട്ടത്തിന്റെ രീതി എങ്കിൽ പുരാതനകാലത്ത് ഇങ്ങനെയായിരുന്നില്ല. അമ്പും വില്ലും കുന്തവും, വാളും പരിചയും, കാലാളും കുതിരയും, രഥവും പടയങ്കി എന്നിങ്ങനെയുള്ള പുരാതന ആയുധങ്ങൾ ധരിച്ച് അവർ മുന്നേറിയിരുന്നു. 1 ശമുവേൽ 17-ൽ ദാവീദിനെ രാജാവിന്റെ പടച്ചട്ട അണിയിച്ചപ്പോൾ അത് തനിക്ക് ശീലമില്ലെന്ന് പറഞ്ഞ് നീക്കിക്കളഞ്ഞത് നാം വായിക്കുന്നുണ്ടല്ലോ. പടക്കോപ്പുകൾ ധരിച്ച് യുദ്ധത്തിനായി പുറപ്പെടുന്ന രീതിയായിരുന്നു. ആ കാലഘട്ടത്തിൽ, യുദ്ധത്തിനായി സർവ്വായുധവർഗ്ഗം ധരിച്ചാൽ പിന്നീട് പിറകോട്ട് പോയിക്കൂടാ, മുന്നോട്ടു മാത്രമാകണം ആ ലക്ഷ്യം. ജയിക്കുവാൻ ആയുധധാരികൾ പോരാടണം.

സങ്കീർത്തനം 78:9 "ആയുധം ധരിച്ച വില്ലാളികളായ എഫ്രയീമ്യർ യുദ്ധദിവസത്തിൽ പിന്തിരിഞ്ഞുപോയി" കാരണം 11-ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവർ അവന്റെ പ്രവൃത്തികളെയും അവരെ കാണിച്ച അത്ഭുതങ്ങളെയും മറന്നുകളഞ്ഞു"

എഫ്രയീം അങ്ങനെ പിന്മാറാൻ പാടില്ലായിരുന്നു. യാക്കോബിന്റെ 12 മക്കൾക്ക് ലഭിക്കേണ്ട അവകാശം ദൈവത്തിന്റെ പ്രത്യേകമായ കാരുണ്യാതിരേകത്താൽ ലഭ്യമായതാണ്.

ദാവീദ് ഏലാതാഴ്വരയിൽ യുദ്ധത്തിനുള്ള ആയുധങ്ങൾ ഒന്നും ധരിച്ചിരുന്നില്ല. പക്ഷേ ഹൃദയത്തിൽ യഹോവയോടുള്ള സ്നേഹവും ദൈവനാമത്തെക്കുറിച്ചുള്ള എരിവും അവനെ ഭരിച്ചിരുന്നതിനാൽ ആയുധധാരികൾ പിന്മാറിയിടത്ത് ഒരു കവിണയും 5 കല്ലുമായി യുദ്ധത്തിൽ മുന്നേറിയത്. എത്രയോ മനോഹരമായ സംഭവമാണിത്. ആയുധം ധരിച്ചിരുന്ന ശൗലിന്റെ പടയാളികളെല്ലാം തലകുമ്പിട്ട് പിൻവാങ്ങിപ്പോയി. യുദ്ധദിവസത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതെപോകുന്നു. എന്നാൽ ആയുധധാരിയല്ലാത്ത ദാവീദ് യുദ്ധദിവസത്തിൽ മുന്നേറാൻ കാരണം യഹോവയിലുള്ള ആശ്രയത്വവും സ്നേഹവും വർദ്ധിച്ചിരുന്നതിനാലാണ്.

ദൈവജനം യോർദ്ദാൻ കടന്നശേഷം ദൈവം വാഗ്ദത്തംചെയ്തിരുന്ന ദേശത്ത് ഭരണംനടത്തിയിരുന്ന അനാക്യരും, അമാലേക്യരും പോലെ

വിവിധ ജാതീയരാജാക്കന്മാർ ഉണ്ടായിരുന്നു. അവരെ കീഴടക്കുക എന്നതായിരുന്നു ദൈവജനത്തിനു മുന്നിലെ ഒന്നാമത്തെ വെല്ലുവിളി. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ യുദ്ധംചെയ്ത് സ്വന്തമാക്കണമെന്ന് സാരം. ആ യുദ്ധത്തിൽ നാം ജയിച്ചേ മതിയാകൂ. പരാജയപ്പെട്ടുകൂടാ, പിന്മാറിക്കൂടാ. യാക്കോബിന്റെ 12 മക്കൾക്കിടയിൽ അവകാശം ലഭിച്ച എഫ്രയീം ലഭിച്ച അവസരങ്ങൾ നഷ്ടമാക്കിക്കളഞ്ഞു.

വിശുദ്ധനായി ജീവിച്ച യോസേഫിന്റെ മകനായിരുന്നിട്ടും അവൻ ദൈവത്തെ മറന്നു, ദൈവത്തിന്റെ വിഭവങ്ങളെ മറന്നു. ദൈവത്തിന്റെ പ്രവർത്തികളെ മറന്നു യുദ്ധദിവസത്തിൽ എഫ്രയീം പിന്മാറാനുള്ള ഒന്നാമത്തെ കാരണം ദൈവത്തോടുള്ള സ്നേഹം തണുത്തുപോയി എന്നതാണെങ്കിൽ രണ്ടാമത്തെ കാരണം ദൈവത്തിന്റെ പ്രവൃത്തികളെ മറന്നതാണ്. ഹോശേയപ്രവാചകന്റെ പുസ്തകം നാം പഠിക്കുമ്പോൾ എഫ്രയീമിന്റെ പാപങ്ങളെയും, പിന്മാറ്റങ്ങളെയും എണ്ണിയെണ്ണി പറയുന്നുണ്ട്. പ്രവാചകപുസ്തകത്തിൽ എഫ്രയീമിന്റെ പേരാണ് എടുത്തുപറയുന്നതെങ്കിലും എല്ലാ യിസ്രായേലിന്റെയും പ്രതിരൂപമാണ് എഫ്രയീം എന്ന് പറയാം.

78-ാം സങ്കീർത്തനത്തിൽ ആസാഫിന്റെ ധ്യാനത്തിൽ ദൈവാത്മാവ് പാടി പഠിപ്പിച്ചത്. എഫ്രയീമേ നീ നിന്റെ ദൈവത്തിന്റെ പ്രവർത്തികളെ മറന്നുകളഞ്ഞല്ലോ. ദൈവജനത്തിനു ദൈവം ചെയ്തിട്ടുള്ള പ്രവൃത്തികൾ എണ്ണമറ്റതായിരുന്നു. പക്ഷേ അവർ ദൈവത്തിന്റെ വലുതും ഭയങ്കരവുമായ പ്രവൃത്തികളെ വിസ്മരിച്ചുകൂടാ. ദൈവം അവർക്കായി ധാരാളം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ടല്ലോ. അവർ സൗകര്യപൂർവ്വം അതെല്ലാം മറന്നുകളഞ്ഞു. എന്നത് നമ്മെ ചിന്തിപ്പിക്കുന്നില്ലേ.

ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട സംഭവമല്ലേ ശത്രുരാജ്യവുമായുള്ള യുദ്ധം. ആ നാളിൽ ഭരണകൂടവും സൈന്യവും ജനങ്ങളും ഒരുപോലെ വളരെ ശ്രദ്ധാലുക്കളായിരിക്കേണ്ട സമയത്ത് യുദ്ധംചെയ്യേണ്ടവർ പിന്മാറിപ്പോയാലോ. ഈ സ്ഥിതിവിശേഷമാണ് ഇന്ന് ക്രിസ്തീയഗോളം അനുഭവിക്കുന്നതും. കർത്താവിന്റെ ജനം വളരെ ശ്രദ്ധയോടെ കർത്താവിനായി, അവന്റെ രാജ്യത്തിന്റെ കെട്ടുപണിക്കായി യുദ്ധം ചെയ്യുന്ന സമയമാണ്. ദൈവരാജ്യവിസ്തൃതിക്കായി കൈമെയ്മറന്ന്, അദ്ധ്വാനിക്കേണ്ട സമയമാണ്. കാരണം ഇനി അല്പകാലമേ ഉള്ളൂ നമ്മുടെ കർത്താവ് വരുവാൻ. പകൽ ഉള്ളേടത്തോളം കർത്താവിനായും സുവിശേഷത്തിന്റെ വ്യാപനത്തിനായും അദ്ധ്വാനിക്കേണ്ട സമയമാണിത്. ശത്രുവായ സാത്താൻ അവന്റെ മുഴുശക്തിയും ഉപയോഗിച്ച് ജനത്തിന്റെ മാനസാന്തരത്തെ തടഞ്ഞ് മറ്റ് വഴികളിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. ഭാരതത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഭരണഘടനാപരമായി ഭാരതീയർക്കെല്ലാം അവകാശപ്പെട്ട, ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും. അതിൻപ്രകാരം ജീവിക്കുവാനും അവകാശവും സ്വാതന്ത്ര്യവും ഉണ്ട്. എന്നാൽ സുവിശേഷവിരോധികൾ പെരുകുന്നു. ദൈവമക്കൾ ജയിലിലടക്കപ്പെടുന്നു. **രക്ഷിക്കപ്പെട്ട ദൈവമക്കൾ ഒരുപോലെ യുദ്ധസന്നദ്ധരായി ആത്മാക്കളെ നേടിയെടുപ്പാനുള്ള നിശ്ചയദാർഢ്യത്തോടും വിശ്വാസത്തോടുംകൂടി കഠിനാദ്ധ്വാനം ചെയ്യേണ്ട സമയമാണ് ഇപ്പോൾ. ഈ അടിയന്തിരഘട്ടത്തിൽ ഉദാസീനതയോടെ കർത്താവിന്റെ വേല നാം ചെയ്തുകൂടാ. "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" (യിരെമ്യ. 48:10) എന്ന വചനം മറക്കരുതേ.! ഇപ്പോൾ അതും ഇതും പതം പറഞ്ഞ് പിൻമാറിപ്പോകേണ്ട സമയമല്ല. സഭാനേതൃത്വത്തെയും കൂട്ടായ്മനേതൃത്വത്തെയും ദൈവത്തെയും ദൈവമക്കളെയും കുറ്റംപറഞ്ഞ് പടിയിറങ്ങിപ്പോകേണ്ട സമയമല്ല പിന്നെയോ കർത്താവിനെ നോക്കി, കൃപയാൽ ശക്തിപ്പെട്ട് പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് സ്വാർത്ഥത ഇല്ലാതെ, ഈഗോ ഇല്ലാതെ മുന്നേറാൻ തയ്യാറാകൂ!** എഫ്രയിം യുദ്ധദിവസത്തിൽ പിന്മാറിപ്പോയതുപോലെ ഇപ്പോൾ നാം. പിന്മാറിക്കൂടാ. ഇനിയും എത്രകാലം മുന്നിലുണ്ടെന്ന് അറിയില്ല. അത് മനസ്സിലാക്കി സർവ്വായുധവർഗ്ഗം ധരിച്ച് മുന്നണിപ്പോരാളിയായി മുന്നേറൂ. അതിനായി സ്വയം സമർപ്പിക്കൂ. ജീവനെങ്കിൽ ജീവൻവെച്ച് കർത്താവിന്റെ രാജ്യവ്യാപ്തിക്കായി ഒരുമിക്കണം.

"സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിന്നു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു. (1 കൊരി. 9:23) ആ സുവിശേഷം നമ്മൾ അറിയിക്കുന്നില്ലെങ്കിൽ അയ്യോ കഷ്ടം. (1 കൊരി. 9:16). പണത്തിനോ പ്രശസ്തിക്കോ സ്ഥാനമാനങ്ങൾക്കോ വേണ്ടിയല്ല; കർത്താവിനെന്നപോലെ നിസ്വാർത്ഥമായി നാം അതു ചെയ്താൽ നമുക്കൊരു പ്രതിഫലം വെച്ചിട്ടുണ്ട്. "നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്വിൻ അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു. കർത്താവിനെ സേവിപ്പിൻ." (കൊലൊ. 3:23, 24)

പ്രിയ ദൈവമക്കളെ, ഇത് അന്ത്യകാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിപ്പിൻ. കർത്താവ് ഒരുദിവസം വരും. അന്ന് നമ്മൾ പോകും ആ ദിവസത്തിൽ ജയാളിയായി നിൽക്കേണ്ടതിന് ആയുധം താഴെവെക്കാതെ നമുക്ക് മുന്നേറാം. ഇജിഎം ഓഫ് ഇന്ത്യ സമയബന്ധിതമായി അതിനുള്ള പദ്ധതികൾ തയ്യാറാക്കി മുന്നോട്ട് നീങ്ങുകയാണ്. പ്രാർത്ഥനാപൂർവ്വം, സ്നേഹപൂർവ്വം, നമ്മുടെ മിഷന്റെ പ്രവർത്തനത്തിൽ പങ്കുചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ വേലചെയ്യാൻ കർത്താവ് നമ്മെ ഒരുക്കട്ടെ. ദൈവത്തിന് മഹത്വം. ●●●




ഡോ. നെൽസൺ മാത്യു
വാലയിൽ

# മരുഭൂമിയിൽ വഴി ഒരുക്കുന്നു

മരുഭൂമി എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ വരുന്നത് വിശാലമായ മണൽപ്പരപ്പും, കത്തുന്ന സൂര്യനും ചുട്ടുപൊള്ളുന്ന ചൂടും, ജീവിതം അസാധ്യമായ ഒരു സ്ഥലം എന്നെല്ലാമാണ്. ആഫ്രിക്കയിലെ ചുട്ടുപൊള്ളുന്ന സഹാറ മുതൽ ഏഷ്യയിലെ ഗോബി, തെക്കേ അമേരിക്കയിലെ അറ്റക്കാമ വരെ ഈ പ്രദേശങ്ങളിൽ മഴ അതിശയകരമാംവിധം കുറവാണ് – ചിലപ്പോൾ വർഷത്തിൽ പത്ത് ഇഞ്ചിൽ താഴെ. ചില ഭാഗങ്ങളിൽ ഒരു തുള്ളിപോലും മഴ ഇല്ലാതെ ആണ്ടുകൾ കടന്നുപോകും.

എന്നിട്ടും, ജീവൻ നിലനിൽക്കുന്നു. ഉറച്ച ഇലകൾവിടർത്തി നില്ക്കുന്ന സസ്യങ്ങളും പാറകൾക്കടിയിൽ മറഞ്ഞിരിക്കുന്ന പ്രാണികളും വെള്ളം തേടി പറക്കുന്ന പക്ഷികളും ഉപജീവനത്തിനായി അലയുന്ന സസ്തനികളും മരുഭൂമിയിലെ നേർക്കാഴ്ചകളാണ്. ഒരു മറഞ്ഞിരിക്കുന്ന നീരുറവ, അപൂർവ്വ മഴക്ക്ശേഷമുള്ള ഒരു താൽക്കാലിക അരുവി, ഒരു ചെറിയ മരുപ്പച്ച മുതലായവക്ക് തരിശുഭൂമിയെ രൂപാന്തരപ്പെടുത്താനാകും. ദിവസങ്ങൾക്ക്മുമ്പ് ജീവിതം അസാധ്യമാണെന്ന് തോന്നിയ സ്ഥലത്ത് മൃഗങ്ങൾ ഒത്തുകൂടുന്നു. കണ്ണുകൾക്ക് തിളക്കംനൽകുന്ന നിറങ്ങളിൽ പൂക്കൾ വിരിയുന്നു. മണലിനു മുകളിലൂടെ ഒഴുകുന്ന മൂടൽമഞ്ഞിൽ നിന്ന് പോഷണം സ്വീകരിച്ച് പോലും ചില ആവാസവ്യവസ്ഥകൾ നിലനിൽക്കുന്നു. പതിറ്റാണ്ടുകളായി നിദ്രയിലായിരുന്ന വിത്തുകൾ അപൂർവമായ മഴക്ക്ശേഷം പെട്ടെന്ന് മുളച്ചുവരുന്നു.

അതിശക്തമായ നൈൽനദി പോലും മരുഭൂമിയിലൂടെ ഒഴുകുന്നു, ദശലക്ഷക്കണക്കിന് ആളുകളെ നിലനിർത്തുന്നു.

ഈ അത്ഭുതകരമായ വസ്തുതകൾ കാണിക്കുന്നത് മരുഭൂമികൾ ഒരിക്കലും യഥാർത്ഥത്തിൽ നിർജ്ജീവമല്ല എന്നാണ്; മറഞ്ഞിരിക്കുന്ന പാതകളും അരുവികളും വിഭവങ്ങളും അതിൽ നിലനിൽക്കുന്നു. വെളിപ്പെടുവാൻ ശരിയായ സമയത്തിനായി അത് കാത്തിരിക്കുന്നു.

ജീവിതത്തിനും അതിന്റേതായ മരുഭൂമികളുണ്ട്. അനിശ്ചിതത്വത്തിന്റെയും വരൾച്ചയുടെയും നാളുകളാണിവ. ദുഃഖവും ഏകാന്തതയും നിരാശയുമെല്ലാം വൈകാരിക മരുഭൂമികളായി കടന്നുവരുന്നു. ദൈവം അകലെയാണെന്ന് തോന്നുകയും പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതായി തോന്നുകയും ചെയ്യുമ്പോൾ അവ ആത്മീയ മരുഭൂമികളായിരിക്കാം. അവ പ്രായോഗിക മരുഭൂമികളായിരിക്കാം. വാതിലുകൾ അടയുമ്പോൾ, പദ്ധതികൾ പരാജയപ്പെടുമ്പോൾ മുന്നോട്ടുള്ള പാത അദൃശ്യമായി തോന്നാം. എന്നിരുന്നാലും യെശയ്യാവ് 43:19-ൽ ഒരു വാഗ്ദാനം നൽകുന്നു: 'മരുഭൂമിയിൽ ഞാൻ ഒരു വഴിയൊരുക്കും.'

ദൈവത്തിന്റെ വഴികൾ മനുഷ്യ പരിമിതികൾക്ക് അപ്പുറമാണ്. നമ്മൾ മണലും ചൂടും മാത്രം

കാണുന്നിടത്ത്, അവൻ ഒരു പാത കാണുന്നു. നമുക്ക് വഴിതെറ്റിയതായി തോന്നുന്നിടത്ത്, അവൻ നമുക്ക് മുന്നോട്ട് പോകാനുള്ള വഴിയൊരുക്കുന്നു.

തിരുവെഴുത്തുകളിലുടനീളം മരുഭൂമികളിൽ ദൈവത്തിന്റെ മാർഗ്ഗനിർദേശം നമുക്ക് കാണാവുന്നതാണ്. മോശെയും യിസ്രായേല്യരും, ചെങ്കടലിനും അടുത്തുവരുന്ന സൈന്യത്തിനും ഇടയിൽ കുടുങ്ങിപ്പോയി. ഒരു വഴിയും ഇല്ലാത്തിടത്ത് ദൈവം വെള്ളത്തെ വിഭജിച്ചു പുതുവഴി സൃഷ്ടിച്ചു. സീനായ്മരുഭൂമിയിൽ, പകൽ മേഘസ്തംഭവും രാത്രിയിൽ തീയും കൊണ്ട് അവൻ തന്റെ ജനത്തെ നയിച്ചു, അനന്തവും വിജനവുമായി തോന്നിയ ഒരു ഭൂപ്രദേശത്ത് അവർക്ക് ഒരു പാത കാണിച്ചുകൊടുത്തു. മരുഭൂമിയിൽ ഒറ്റക്ക് അലഞ്ഞുനടന്ന ഏലീയാവിന് ദൈവത്തിന്റെ വഴി കാണിച്ചുകൊടുത്തു. മരുഭൂമി ഒരിക്കലും ഉപേക്ഷിക്കപ്പെടാനുള്ള സ്ഥലമല്ലെന്നും അത് ഒരുക്കത്തിന്റെയും കരുതലിന്റെയും ദൈവിക നടത്തിപ്പിന്റെയും സ്ഥലമാണെന്നും ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവം നമ്മുടെ ജീവിതത്തിൽ അരുവികളും വഴികളും തുറക്കും. ശരിയായ ദിശയെക്കുറിച്ച് ഉറപ്പില്ലാത്തപ്പോൾ, ബന്ധങ്ങളിൽ കഷ്ടമനുഭവിക്കുമ്പോൾ ദൈവം ഒരു അപ്രതീക്ഷിത അവസരമായും ഉപദേഷ്ടാവായും പ്രത്യക്ഷപ്പെടുന്നു. ഉത്തരവാദിത്വങ്ങളാൽ വലയുന്ന മാതാപിതാക്കൾക്ക് പ്രോത്സാഹനമോ അടുത്ത ചുവടിനുള്ള ഒരു പുതിയ ഉൾക്കാഴ്ചയോ ആയി കടന്നുവരുന്നു. വഴി അദൃശ്യമാണെന്ന് തോന്നുമ്പോൾ ദൈവത്തിന്റെ പരിചരണവും ദിശയും പ്രകടമാകുന്നു.

ജീവിതത്തിലെ മരുഭൂമികളിലൂടെ നടക്കുന്നതിന് വിശ്വാസം ആവശ്യമാണ്. ക്ഷമ, ശ്രദ്ധ, അടുത്ത ചുവടുവെപ്പ് നടത്താനുള്ള സന്നദ്ധത എന്നിവ ഇതിൽ ഉൾക്കൊള്ളുന്നു. ചിലപ്പോൾ പാത സാവധാനം തെളിയുന്നു. വിശ്വാസം ഓരോ ചുവടും വെളിപ്പെടുത്തുന്നു. മറ്റു ചിലപ്പോൾ, അപൂർവ്വമായ ഒരു മഴക്ക്ശേഷം പെട്ടെന്ന് തെളിയുന്ന നീരുറവപോലെ, ദൈവം വേഗത്തിൽ പ്രവർത്തിക്കുന്നു, പാതകൾ നിരത്തുന്നു.

മരുഭൂമിയിലെ ഒരു നദി മൃഗങ്ങളെയും സസ്യങ്ങളെയും നിലനിർത്തുന്നു; തരിശുഭൂമിയിലെ ഒരു അരുവി ക്ഷീണിത ഹൃദയങ്ങൾക്ക് പ്രത്യാശ, പ്രോത്സാഹനം, പുതുക്കൽ എന്നിവ നൽകുന്നു. നമ്മുടെ ജീവിതത്തിൽ, ഈ അരുവികൾ അസ്വസ്ഥമായ ഒരു ഹൃദയത്തിൽ സമാധാനമായോ, ആശയക്കുഴപ്പത്തിലെ ഉൾക്കാഴ്ചയായോ, അവൻ ഒരുക്കിയ പാതയിലൂടെ നടക്കുമ്പോൾ നമ്മെ നിലനിർത്തുന്ന അപ്രതീക്ഷിത അവസരങ്ങളായോ പ്രത്യക്ഷപ്പെടാം.

എന്താണ് നമ്മുടെ മരുഭൂമി? എന്റെ ജീവിതത്തിൽ എവിടെയാണ് ഞാൻ വരൾച്ച അനുഭവിക്കുന്നത്? വിശ്വാസം, ക്ഷമ, ദൈവത്തിലുള്ള ആശ്രയത്വം എന്നിവ വളർത്തിയെടുക്കാനുള്ള അവസരങ്ങളാണ് നമ്മുടെ മരുഭൂമികളും. അവ നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും അവനുമായുള്ള അടുപ്പം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദൈവം ഒരു വഴി ഒരുക്കും.

*പ്രിയരെ, ജീവിതത്തിന്റെ മരുഭൂമികൾ അവസാന അറ്റങ്ങളല്ല. അവ ദൈവത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയിലെ ഘട്ടങ്ങളാണ്. അവൻ പാതകളൊന്നും ഇല്ലാത്തിടത്ത് വഴികൾ സൃഷ്ടിക്കുന്നു, നമ്മെ നിലനിർത്താൻ ജീവപ്രവാഹങ്ങൾ കൊണ്ടുവരുന്നു. ധൈര്യത്തോടും വിശ്വാസത്തോടും മുന്നോട്ട്പോകാം. പാത മറഞ്ഞിരിക്കുന്നതായി തോന്നുമ്പോഴും, ദൈവത്തെ സ്മരിക്കുക. ഓരോ മരുഭൂമിയും പരിവർത്തനത്തിന്റെ ഇടങ്ങളായി മാറും.*

എന്നെ വഴി നടത്തുന്നോൻ
എന്നെ വഴി നടത്തുന്നോൻ
എന്റെ ഈ മരുയാത്രയിൽ താളടിയാകാതെ
എന്നെ നടത്തുന്നോൻ

●●●


പ്രാർത്ഥനാ സഹായത്തിന്
ഗാർഡിയൻ പ്രേയർ സെൽ

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

CALL: 9446610923
E-mail: guardianprayercell@gmail.com
www.egmofindia.com




പ്രൊഫ. ജോൺ സഖറിയ

# വിവാഹജീവിതം സാഫല്യം ആക്കാൻ അടിസ്ഥാന ഘടകങ്ങൾ (തുടർച്ച)

2. പറ്റിച്ചേരുക. മറ്റ് സാധാരണ ബന്ധങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ബന്ധം, പിരിക്കാൻ ആവാത്ത ബന്ധം, പിരിയാനും പിരിക്കാനും ഉള്ള സാഹചര്യങ്ങളും വ്യക്തികളും ഉണ്ടായാലും ഒന്നിച്ചുനിൽക്കുന്ന ബന്ധം - അതത്രേ വിവാഹബന്ധം. അഭിപ്രായവ്യത്യാസങ്ങളോ വ്യത്യസ്തമായ അഭിരുചികളോ പിരിക്കാത്ത, ഒന്നിച്ച്നിർത്തുന്ന ബന്ധം. വ്യത്യസ്ത ഭക്ഷണരുചികളിൽ, വസ്ത്രധാരണത്തിൽ, പെരുമാറ്റത്തിൽ, വാക്കുകളുടെ ഉപയോഗത്തിൽ, ഭാവഹാവാദികളിൽ ഒക്കെയാകാം. ചിലവ വിരുദ്ധമായി തോന്നാം; അങ്ങനെയുള്ളവയെ പരസ്പരപൂരകങ്ങൾ ആക്കുന്നത് മനോഭാവങ്ങളിലുള്ള ക്രിയാത്മക ഭാവം കൊണ്ടാണ്.

ഒരൊറ്റ അഭിപ്രായത്തിലോ ഭിന്നിപ്പിക്കാത്ത, പരസ്പരം അംഗീകരിക്കുന്ന, വ്യത്യസ്ത നിലപാടുകളിലോ, സ്നേഹച്ചരടിൽ കോർത്തിണക്കിയ മുത്തുമണികൾപോലെ ഒന്നിച്ചുനിൽക്കുന്ന അനുഭവം. ബന്ധം അത്ര സുഗമമല്ല എന്നു തോന്നുമ്പോഴും, ബന്ധം ബന്ധനം എന്ന് തോന്നുമ്പോഴും പരസ്പരം വിട്ടുകളയാതെ, തള്ളിക്കളയാതെ കാര്യങ്ങൾ അന്യോന്യം സ്നേഹത്തിലും ഐക്യത്തിലും പങ്കിട്ട്, അന്യോന്യം മനസ്സിലാക്കി അംഗീകരിച്ച്, ഒരുമിച്ച് പ്രാർത്ഥിച്ച്, ഇരുവരും അസ്വസ്ഥരാകാതെ ക്ഷമാപൂർവ്വം ഇരുവരുടെയും ഹൃദയത്തിൽ ദൈവം പ്രവർത്തിക്കുവാൻ അവസരം ഉണ്ടാക്കുക. തെറ്റുപറ്റിയാൽ സാഹചര്യങ്ങൾമൂലം ആണെങ്കിൽപ്പോലും സ്വയം ന്യായീകരിക്കുവാൻ ശ്രമിക്കാതെ തെറ്റുകൾ ഏറ്റുപറയുന്നതിൽ വിമുഖതയും അപമാനവും തോന്നാതെ അന്യോന്യം ക്ഷമിക്കുന്നതിൽ നിലനിൽക്കുക. തക്ക തുണയായി ലഭിച്ച ജീവിതപങ്കാളി പൂർണ്ണതയുള്ളവൻ(ൾ) ആയിരിക്കുമെന്ന് ധരിക്കാതെ അന്യോന്യം പോരായ്മകൾ പരിഹരിച്ച് ജീവിതമേഖലകളിൽ എല്ലാം പറ്റിച്ചേർന്നു നിൽക്കുക. വ്യക്തിത്വവികസനത്തിന്റെയും സ്വഭാവ രൂപീകരണത്തിന്റെയും ഏറ്റവും വലിയ പഠനശാലയാണ് വിവാഹജീവിതം.

ഈ പറ്റിച്ചേരലിൽ ഇരുവരുടെയും വിജയങ്ങളിലും പരാജയങ്ങളിലും ശരികളിലും തെറ്റുകളിലും അവർ ഒന്നിച്ചായിരിക്കണം. വിജയങ്ങളുടെ മഹത്വം തനിക്കും പരാജയങ്ങളുടെ ഉത്തരവാദിത്വം പങ്കാളിക്കും എന്ന വീക്ഷണം തനി സ്വാർത്ഥത അത്രേ;

ജഡിക സ്വഭാവമത്രേ; ആത്മീയ പക്വത അല്ലതന്നേ. വീഴ്ചകളിലും അതുതന്നെയായിരിക്കണം മനോഭാവം. 'ഞാനും എന്റെ പിതൃഭവനവും നിന്നോട് പാപം ചെയ്തിരിക്കുന്നു' (നെഹെ.1:6) എന്ന് വിലപിച്ച നീതിമാനായ, വിശുദ്ധനായ നെഹെമ്യാവിനെപ്പോലെ. സമൂഹത്തിന്റെ വീഴ്ചയോട് നെഹെമ്യാവ് താദാത്മ്യം പ്രാപിച്ചു എങ്കിൽ 'ഒരു ദേഹമായിത്തീർന്ന' ജീവിതപങ്കാളിയോട് എത്രയധികം! അതുമാത്രമല്ല, പരസ്യമായി ജീവിതപങ്കാളിയോടൊപ്പം ഒട്ടിനിൽക്കുമ്പോൾ തന്നേ, സ്നേഹത്തിൽ, കരുതലിൽ ജീവിതപങ്കാളിയെ തിരുത്താൻ രഹസ്യമായി, പ്രാർത്ഥനയിൽ, ദൈവവചന ധ്യാനത്തിൽ കൂടെനിന്ന് വിശുദ്ധിയിലേക്ക് ഉയർത്തിക്കൊണ്ടുവരണം. പങ്കാളിയുടെ വീഴ്ച തന്റേത്കൂടെയാണ്; പങ്കാളിയുടെ തിരിച്ചുവരവും തന്റേതുകൂടെ ആയിരിക്കണം. അതല്ലേ ക്രിസ്തുവിൽ കാണുന്ന ദൈവസ്നേഹം! പാപമില്ലാത്തവൻ, വിശുദ്ധൻ പാപികളുമായി താദാത്മ്യം പ്രാപിച്ച് അവരുടെ പാപത്തിന്റെ ശിക്ഷ ഏറ്റു ക്രൂശിന്മേൽ വിജയംവരിച്ചപ്പോൾ ആ വിജയം പാപികളായ നമ്മുടേതാക്കിത്തീർത്ത ദൈവസ്നേഹം. ഈ സ്നേഹം പ്രത്യേകിച്ച് ഭാര്യാഭർതൃ ബന്ധത്തിൽ ഉണ്ടായിരിക്കണം. പരാജയത്തിന്റെയും നഷ്ടത്തിന്റെയും തകർച്ചയുടെയും ഉത്തരവാദിത്വം പങ്കാളിയിലും പങ്കാളിയുടെ മാതാപിതാക്കളിലും കുടുംബങ്ങളിലും പരസ്യമായും രഹസ്യമായും അടിച്ചേൽപ്പിച്ച് നീതിമാന്മാർ ആകുന്നവർ - ഒരു പക്ഷേ ചിലവ വസ്തുതാപരമായിരിക്കാം. പക്ഷേ അവർ സ്വന്തമായോ കുടുംബമായോ സ്വസ്ഥത അനുഭവിപ്പാൻ സാധിക്കാതെ മാനസികമായി തകർച്ചയിൽ ആകും. അതുമല്ല മാനസിക അസ്വസ്ഥതകളാൽ ഉളവാകുന്ന അനേക ശാരീരിക രോഗങ്ങളാലും അങ്ങനെയുള്ളവർ വലയുന്നത് കുടുംബങ്ങളിൽ, സമൂഹത്തിൽ കാണുന്നില്ലേ? അവരിൽ കാണുന്ന പങ്കാളിയോടുള്ള സ്നേഹം ദൈവികമല്ല, മാനുഷികവുമല്ല; വെറും ജഡികവും പ്രാകൃതവും മൃഗീയവും എന്ന്തന്നെ മനസ്സിലാക്കണം. ദൈവസ്നേഹത്താൽ ജീവിതപങ്കാളിക്കും തനിക്ക്തന്നെയും തങ്ങളുടെ കുടുംബത്തിനും സമൂഹത്തിനും നേടിയെടുക്കാവുന്ന സംതൃപ്തിയും സമാധാനവും സ്വസ്ഥതയും പരസ്പര ആരോപണങ്ങളാൽ തട്ടിത്തെറിപ്പിച്ചിട്ട് എന്ത് നേട്ടം? നഷ്ടം മാത്രം? ദൈവിക പ്രമാണത്തിൽ, ദൈവസ്നേഹത്തിൽ, ഒന്നാക്കിത്തീർക്കപ്പെട്ട രണ്ടു വ്യക്തികളുടെ പറ്റിച്ചേർന്ന വിവാഹജീവിതം എത്ര സുന്ദരം, ആകർഷകം, മധുരതരം എന്ന് അനുഭവിച്ചറിയേണ്ട വിഷയമാണ്.

വിവാഹജീവിതപങ്കാളിയുമായി ഉള്ളത് സാഹചര്യവും സൗകര്യവും അനുസരിച്ച് വ്യത്യാസപ്പെടുത്താവുന്നതോ ലംഘിക്കാവുന്നതോ വ്യവസ്ഥ വെച്ച് വേണ്ടെന്നു വെക്കാവുന്നതോ ആയ ഒരു കരാർ (contract) അല്ല. ദൈവം സാക്ഷിയായി ഇരുവരും ചേർന്ന് എടുക്കുന്ന ഭഞ്ജിക്കപ്പെടാൻ ആവാത്ത ഒരു ഉടമ്പടിയാണ് (covenant); രക്ഷിക്കപ്പെട്ട് ദൈവപൈതലായിത്തീരുന്ന ഒരു വിശ്വാസിയും ദൈവവും ആയുള്ള, ദൈവം ഒരിക്കലും ലംഘിക്കാത്ത, യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിലുള്ള, നിത്യമായ ഉടമ്പടിപോലെ; പങ്കാളിയുടെ മരണത്താൽമാത്രം തീരുന്ന ഒരു ഉടമ്പടി.

'വിവാഹം വെറുമൊരു കരാർ അല്ല; ക്രിസ്തുവും സഭയും തമ്മിലുള്ള ഉടമ്പടിപോലെ പവിത്രമായ ഒരു ഉടമ്പടിയുടെ പ്രതിഫലനമാണ്. ഈ അടിസ്ഥാനത്തിന്മേൽ കുടുംബം കെട്ടുപണി ചെയ്യപ്പെടുന്നു; ആയത് ബഹുമാനിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യപ്പെടണം' Dr. David Jeremiah.

ആജീവനാന്തം കാത്തുസൂക്ഷിക്കേണ്ട ഈ ഉടമ്പടിമൂലം ഒട്ടിച്ചേർന്നിരിക്കുന്ന ജീവിതം. ഭാര്യയും ഭർത്താവും ഒന്നായിത്തീർന്ന ഈ അവസ്ഥക്ക് ഭംഗംവരുന്നത് ശരീരത്തിന്റെ ഒരു ഭാഗം മുറിച്ച് കളയുന്നതുപോലെ അത്രേ. അത് ഏതെങ്കിലും ശരീരഭാഗമല്ല. ദൈവവചനം അനുസരിച്ച് ഭർത്താവ് തലയും ഭാര്യ ശരീരവും ആയിരിക്കുമ്പോൾ തലയും ശരീരവും ഏകയോഗക്ഷേമമായി മുമ്പോട്ട്പോകുന്നതാണ് കുടുംബജീവിതം. ശരീരം തലയോടും തല ശരീരത്തോടും വേർപെടുന്നത് ഒരു കയ്യോ കാലോ വേർപെടുന്നതുപോലെ അല്ലല്ലോ. തലയോ, ശരീരമോ ഇല്ലെങ്കിൽ ജീവിതംതന്നെ അവസാനിക്കുമല്ലോ. അതുപോലെയുള്ള ഒട്ടിപ്പിടിച്ച ഒരു അവസ്ഥയാണ് ഭാര്യയോട് പറ്റിച്ചേരുക എന്നത്. ഈ ഉന്നതമായ കാഴ്ചപ്പാട് ഭാര്യക്കും ഭർത്താവിനും ദൈവാത്മാവിനാൽ ബോദ്ധ്യപ്പെടുമ്പോഴാണ് വ്യത്യസ്ത സാഹചര്യങ്ങളിലും സ്വഭാവങ്ങളിലും ഉള്ള രണ്ട് വ്യക്തികൾ തമ്മിലുള്ള ഉറ്റ ബന്ധം മനസ്സിലാകുന്നതും; അതിന്റെ ആസ്വാദ്യത അനുഭവിച്ചറിയുന്നതും. ആ ബോദ്ധ്യം ഇല്ലാത്തവർക്ക്, മറ്റു ബന്ധങ്ങളെപ്പോലെ ഭാര്യാഭർത്തൃബന്ധം ചിന്തിക്കുന്നവർക്ക്, കുടുംബബന്ധം തകരുന്നതിനെക്കുറിച്ച് ആകുലചിന്ത ഇല്ലാതിരിക്കും.

ആ ബോദ്ധ്യമുള്ളവർക്കോ നാളുകൾ കഴിയുംതോറും വൈവിദ്ധ്യങ്ങളുടെയും പ്രശ്നങ്ങളുടെയും മദ്ധ്യത്തിലും കുടുംബജീവിതം കൂടുതൽ കൂടുതൽ ശക്തിയുള്ളതും ആകർഷണമുള്ളതും

(ശേഷം പേജ് 14 - ൽ)





ബാബു അഞ്ചേരി

# "ആക്രിയുണ്ടോ, ആക്രി?"

മുറ്റത്തു കളിച്ചുകൊണ്ടിരുന്ന പത്തുവയസ്സുകാരന്റെ ചെവിയിൽ ചോദ്യം വന്നലച്ചു. "ആക്രിയുണ്ടോ ആക്രി?" വാക്കിന്റെ അർത്ഥം അവനു മനസ്സിലായില്ല. ആക്രിക്കാരൻ വിശദീകരിച്ചു. "മുമ്പ് ഉപയോഗമുണ്ടായിരുന്നതും ഇപ്പോൾ ഉപയോഗമില്ലാത്തതുമായ വസ്തുക്കൾ" കുട്ടി പറഞ്ഞു. "എങ്കിൽ ഇവിടെ ഉണ്ട്." ആക്രിക്കാരൻ ചാക്കു കെട്ട് താഴെവച്ച് ബാലനോടൊപ്പം വീട്ടിനുള്ളിൽ കയറി. മുറിയുടെ മൂലയിൽ മൂടിപ്പുതച്ചിരിക്കുന്ന വല്യപ്പനെ കാണിച്ചിട്ട് കുട്ടി പറഞ്ഞു. "ഇതാ ആക്രി. ഇപ്പോൾ ഒരു പ്രയോജനവും ഇല്ലെന്ന് പപ്പ ഇന്നലെ പറയുന്നതുകേട്ടു."

വൃദ്ധജനങ്ങളെക്കുറിച്ചുള്ള ഇന്നത്തെ സമൂഹത്തിന്റെ കാഴ്ചപ്പാടിന്റെ ഒരു ചിത്രമാണിത്. അപ്പോൾ വാർദ്ധക്യം ഒരു ശാപമാണോ? ജീവിതാവസാനം ഒരു നെടുവീർപ്പോടെയാണോ കഴിച്ചുകൂട്ടേണ്ടത്? "അല്ല" എന്നു സധൈര്യം വിളിച്ചുപറയുന്ന രണ്ടു മുതിർന്ന പൗരന്മാരെ ബൈബിളിൽ നിന്നു നാം കാണാൻ പോവുകയാണ്.

വിശുദ്ധനായ ലൂക്കൊസ് എഴുതിയ സുവിശേഷം രണ്ടാം അദ്ധ്യായം 25 മുതൽ 38 വരെയുള്ള വാക്യങ്ങളിൽ സുവിശേഷകൻ അവരെ വരച്ചു കാണിക്കുകയാണ്, ഒന്നാമൻ വാർദ്ധക്യത്തിലെത്തി ജീവിതത്തോടു വിടപറയാൻ സന്നദ്ധനായി നിൽക്കുന്ന ശിമ്യോൻ. പേരിന്റെ അർത്ഥം "കേൾക്കുന്നവൻ" കർത്താവിന്റെ മശിഹായെ കണ്ടിട്ടേ നിത്യതയിൽ ചേർക്കപ്പെടൂ എന്ന് കർത്താവിന്റെ അരുളപ്പാടു കിട്ടിയ വയോവൃദ്ധൻ. അരുളപ്പാടു കിട്ടിയതിനെക്കുറിച്ചുള്ള കഥ ഇങ്ങനെയാണ്. അദ്ദേഹം ഒരു ശാസ്ത്രിയായിരുന്നു. തിരുവചനം പകർത്തിഎഴുതുന്നതാണ് ജോലി. ഒരു ചെറിയ തെറ്റുപോലും വരാതെ നിതാന്തജാഗ്രതയോടെ അങ്ങനെ പകർത്തിയെഴുതി എഴുതി യെശയ്യാവിന്റെ പുസ്തകം 7:14 വന്നപ്പോൾ ഒരു സംശയം തലയുയർത്തി "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും." അതു വിശ്വസിക്കാൻ കഴിയാതെ എഴുത്താണി താഴെവച്ചു. യുക്തിചിന്തയെ തേച്ചു മായ്ച്ചു കളയാൻ അത്ര എളുപ്പമല്ലല്ലോ. മണിക്കൂറുകൾ കഴിഞ്ഞു. നിരാശനായി, നിദ്രയില്ലാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന രാത്രിയിൽ "കേൾക്കുന്നവന്റെ ചെവിയിൽ കർത്താവു മന്ത്രിക്കുന്നു. "സംശയമാണല്ലേ? എങ്കിൽ മശിഹായെ കണ്ടിട്ടേ നീ ലോകത്തോടു വിടപറയൂ" ആ അരുളപ്പാട് പ്രത്യാശയുടെ തിരിനാളത്തെ കത്തിച്ചു എഴുതി തീർത്തു. പിന്നെ എന്നും ദൈവാലയത്തിലേക്കു

യാത്രയാണ്. ആളുകൾ ചോദിച്ചു. "എന്താ അപ്പച്ചാ എന്നും പോകുന്നത്?" "മശിഹായെ കാണാൻ" ഉത്തരം പറയുന്നു. "ഇതുവരെ വന്നില്ലല്ലോ.?" വരും. കാണും. ചിലപ്പോൾ ഇന്നായിരിക്കും." അങ്ങനെ ആ ദിനം അവൻ കണ്ടു. ആർക്കും തിരിച്ചറിയാൻ കഴിയാതിരുന്ന മശിഹായെ കൺകുളിർക്കെ കണ്ടു. ശിശുവിന്റെ തലക്കുചുറ്റും പ്രഭാവലയം ഒന്നും ഇല്ലായിരുന്നു. എന്നിട്ടും ആത്മാവിന്റെ കണ്ണുകൾ കൊണ്ട് ശിശുവിനെ മനസ്സിലായി. നാല്പതു ദിവസം മാത്രം പ്രായമുള്ള ശിശുവിനെ കൈകളിൽ ഏന്തി സ്വർഗ്ഗത്തേക്കു കണ്ണുകളുയർത്തി പറഞ്ഞു. "ഇനി മരിച്ചാലും സാരമില്ല. സമാധാനമായി. ദൈവം വാഗ്ദത്തം പൂർത്തീകരിച്ചു. യിസ്രായേലിന്റെ രക്ഷ, ജാതികളുടെ പ്രകാശം, അറിയുന്നവർക്കു നന്മ. നിരസിക്കുന്നവർക്കു തിന്മ, ശിശുവിന്റെ അമ്മക്കും ഒരു അതിവേദന ഞാൻ കാണുന്നു."

ഈ വൃദ്ധനായ ശിമ്യോൻ എന്താണു നമ്മെ പഠിപ്പിക്കുന്നത്.

**1. മടുത്തുപോകാത്ത പ്രതീക്ഷ:** മശിഹായെ കാത്തിരിക്കുമ്പോൾ മടുക്കുന്നില്ല. മശിഹായെക്കുറിച്ച് യഥാർത്ഥത്തിൽ ഒന്നും അറിഞ്ഞുകൂടാ. ചെയ്യാൻപോകുന്ന അത്ഭുതങ്ങൾ, അവന്റെ ഉപദേശങ്ങൾ, അവന്റെ ജീവിത വിശുദ്ധി ഒന്നും. എന്നിട്ടും കാത്തിരുന്നു. മടുപ്പില്ലാതെ, നമ്മളോ? യേശുവിന്റെ സ്നേഹത്തെ, കരുതലിനെ രക്ഷയെ, ത്യാഗത്തെ, നമ്മുടെ ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങളെക്കെ അനുഭവിച്ചറിഞ്ഞവർ. അങ്ങനെയെങ്കിൽ നമ്മളും കാത്തിരിക്കേണ്ടേ? ശിമ്യോൻ ഒന്നാം വരവിനായിട്ടു കാത്തിരുന്നു. നമ്മൾ രണ്ടാം വരവിനു വേണ്ടി മടുപ്പില്ലാതെ കാത്തിരിക്കണം.

**2. ജീവിത മാതൃക:** "നീതിമാനായിരുന്നു" നീതിപീഠത്തിൽ നിന്നുപോലും നീതി ലഭിക്കാത്ത ഇന്നത്തെ സമൂഹത്തിൽ നമുക്കു നീതിമാൻമാരാകുവാൻ കഴിയില്ലേ? വെല്ലുവിളിക്കുകയാണ് ഈ വൃദ്ധൻ. യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിക്കുന്നവൻ ആയിരുന്നു. സ്വന്തം ലാഭത്തിനും ഉയർച്ചക്കും വേണ്ടി മാത്രം കാത്തിരിക്കുന്നവർ ഏറുമ്പോൾ നമ്മുടെ ജനത്തിന്റെ ആശ്വാസം. നമ്മുടെ പ്രാർത്ഥനാ വിഷയമാണോ?" പരിശുദ്ധാത്മാവു നിറഞ്ഞവനായിരുന്നു." എന്താണു തെളിവ്? ആത്മനിയോഗത്താൽ അവൻ ദൈവാലയത്തിൽ ചെന്നു." ചെറിയ കാര്യത്തിനുപോലും ആത്മനിയോഗം വേണം എന്തിനാണ്? ആ പ്രവൃത്തി സഫലമാകാൻ. കണ്ടില്ലേ അങ്ങനെ ആത്മനിയോഗത്താൽ ചെന്നപ്പോൾ രക്ഷകനെ കണ്ടത്? അവൻ ആത്മനിറവുള്ളവനായതുകൊണ്ടല്ലേ ജനം അവന്റെ വാക്കു കേൾക്കാൻ കൂടിവന്നത്? വാക്കും പ്രവൃത്തിയും സമരസപ്പെടുത്തുന്ന സാക്ഷ്യമുള്ളവൻ! ഇന്ന് ജീവിതസാക്ഷ്യം ഇല്ലാത്ത എത്ര ക്രിസ്ത്യാനികൾ! നമ്മുടെ പ്രസംഗത്തെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു നമ്മുടെ ജീവിതം! അതുകൊണ്ട് ശിമ്യോൻ നമ്മെ വെല്ലുവിളിക്കുന്നു, ജീവിതമാതൃകയിലൂടെ.

**3. ആവേശഭരിതമായ ജീവിതം :** യേശുക്കുഞ്ഞിനെ കണ്ടപ്പോൾ സന്തോഷം അടക്കാൻ കഴിയുന്നില്ല കൈകളിൽ കോരിയെടുക്കുന്നു, സ്വർഗ്ഗത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു, ദൈവത്തെ പുകഴ്ത്തുന്നു. എങ്ങനെ? ഹൃദയത്തിൽ പറയുകയല്ല, വായ്തുറന്ന് വാക്കുകളിലൂടെ! നാവുണ്ടെങ്കിലും അത് ഉപയോഗിക്കാതെ ഹൃദയത്തിൽ സ്തോത്രം പറയുന്നവരാണോ നമ്മൾ? വാക്കുകൾ പറയുക മാത്രമല്ല കുഞ്ഞിനെ കൈകളിൽ ഏന്താൻ ഒരു മടിയുമില്ല! ഇന്ന് കയ്യടിക്കാനോ, കൈ ഉയർത്തി പ്രാർത്ഥിക്കാനോ, ഹല്ലേലുയ്യാ പറയാനോ കഴിയാത്തവിധത്തിൽ നാം "പരിഷ്ക്കാരികളായി" തീർന്നിരിക്കുകയാണോ? ദൈവം നമ്മിൽനിന്ന് ഇതൊക്കെ പ്രതീക്ഷിക്കുന്നുണ്ട്. ഒടുവിലത്തെ സങ്കീർത്തനത്തിന്റെ ഒടുവിലത്തെ വാക്യത്തിൽ "ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ." എന്ന് എഴുതിയിരിക്കുന്നു. അപ്പോൾ സ്തുതിക്കുന്നത് നമ്മൾ മരിച്ചിട്ടില്ല എന്നുള്ളതിന്റെ ലക്ഷണമാണെന്നുള്ളതു നാം മറക്കരുത്.

ഇനി രണ്ടാമത്തെ വ്യക്തിയെ കാണാം. പേരു ഹന്നാ പേരിന്റെ അർത്ഥം "കൃപയുള്ളവൾ" (gracious) വയസ്സ് നൂറിൽ കൂടുതലുണ്ട്. വിധവയാണ്; ഏഴു വർഷം മാത്രമേ കുടുംബജീവിതം ആസ്വദിക്കാൻ കഴിഞ്ഞുള്ളു. എന്നിട്ടും ഒരു കയ്പുമില്ല. ആരോടും വെറുപ്പില്ല. ദൈവത്തോടു പരാതിയുമില്ല. ഭക്തിസാന്ദ്രമായ ജീവിതം. ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുന്നു. അവളും യേശുക്കുഞ്ഞിനെ കണ്ടു. ദൈവത്തെ സ്തുതിച്ചു. എല്ലാവരോടും യേശുവിനെക്കുറിച്ചു പറഞ്ഞു. എത്ര അനുഗ്രഹീത വാർദ്ധക്യം! വാർദ്ധക്യത്തിന്റെ പടവുകൾ പിന്നിടുമ്പോൾ നമ്മുടെ വാക്കുകൾ ആരെക്കുറിച്ചാണ്? ഹന്നായും നമ്മുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുന്നു.

അതുകൊണ്ട് വാർദ്ധക്യം സുവർണ്ണകാലം. പ്രത്യാശയാൽ നിറയുക. ഫലം കായ്ക്കുക. സന്തോഷത്തിന്റെ പ്രകാശത്താൽ നിറയുക. ●●●



വനിതാ വിചാരം



സോജ ടോണി

# നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?

“അവൻ ഗലീലക്കടല്പുറത്തു നടക്കുമ്പോൾ പത്രൊസ് എന്നു പേരുള്ള ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ്” എന്നിങ്ങനെ മീൻ പിടിക്കാരായ രണ്ടു സഹോദരന്മാർ കടലിൽ വല വീശുന്നതു കണ്ടു: “എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും” എന്നു അവരോടു പറഞ്ഞു ഉടനെ അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു.” (മത്തായി 4:18, 19, 20) എന്നാൽ യോഹന്നാൻ എഴുതിയ സുവിശേഷം 1:40-ൽ യോഹന്നാൻ പറഞ്ഞതുകേട്ട് അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ് ആയിരുന്നു. അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ട് അവനോട്: ഞങ്ങൾ മശിഹയെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവനെ നോക്കി. “നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു (41, 42)

പ്രിയരെ, യേശുവിന്റെ അടുക്കൽ വന്നതുമുതൽ മീൻപിടുത്തക്കാരനായ പത്രൊസിന്റെ ജീവിതം മാറ്റങ്ങൾക്ക് വിധേയമായിരുന്നു. അദ്ദേഹം ശിഷ്യന്മാരിൽ പ്രധാനിയും ആദിമസഭയുടെ വക്താവുമായി. ആദ്യ പേര് ശിമോൻ എന്നായിരുന്നു. സഹോദരനായ അന്ത്രെയാസ് ആയിരുന്നു പത്രൊസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് എങ്കിലും ശിമോൻ ശിഷ്യന്മാരിൽ ഒന്നാമനായി (മത്തായി 10:2) പത്രൊസ് എന്നത് യേശു നൽകിയ പേരാണ് ശിമോൻ എന്നതിന് ‘കേൾക്കുക’ എന്നും പത്രൊസ് എന്നതിന് പാറക്കഷണം എന്നുമാണ് അർത്ഥം ബേദ്സയിദക്കാരനായ യോഹന്നാന്റെ പുത്രനായിരുന്നു പത്രൊസ് ബേദ്സയ്ദ എന്നാൽ ‘മുക്കുവഗൃഹം’ എന്നാണ് അർത്ഥം. പത്രൊസും സഹോദരനായ അന്ത്രെയാസും യാക്കോബും യോഹന്നാനും കൂട്ടാളികളായിരുന്നു. അവരും ഗലീലക്കടലിൽ മീൻപിടുത്തക്കാരായിരുന്നു. പത്രൊസ് വിവാഹിതനായ ഒരു കുടുംബസ്ഥനുമായിരുന്നു. (മത്തായി 8:14-15, 1 കൊരി. 9:5)

### യേശുവിന്റെ പ്രഥമ ശിഷ്യൻ

12 ശിഷ്യന്മാരിൽ പ്രധാനിയായിരുന്നു. (മത്തായി 2-4) പത്രൊസിന്റെ പടകിലിരുന്ന് യേശു ജനത്തെ ഉപദേശിച്ചിരുന്നു. ഒരിക്കൽ രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും മീൻ ഒന്നും കിട്ടാതിരുന്നപ്പോൾ യേശു പറഞ്ഞ വാക്കിന് വലയിറക്കിയപ്പോൾ ഒരു വലിയ മീൻകൂട്ടം പത്രൊസിന്റെ വലയിൽ പെട്ടു. ഈ അത്ഭുതം കണ്ടു പത്രൊസ് യേശുവിന്റെ കാൽക്കൽ വീണപ്പോൾ ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും എന്ന് യേശു അവനോടു പറഞ്ഞു. അനന്തരം അവൻ സകലവും വിട്ട് യേശുവിനെ അനുഗമിച്ചു. മറ്റൊരിക്കൽ വെള്ളത്തിനു മേൽ നടന്ന് യേശുവിന്റെ അടുക്കലേക്ക് പോയ പത്രൊസ് പേടിച്ച് മുങ്ങുവാൻ തുടങ്ങിയപ്പോൾ യേശു അവനെ രക്ഷിച്ചു. (മത്തായി 14:25-33) ഫിലിപ്പിന്റെ കൈസര്യയിൽവെച്ച് ആളുകൾ തന്നെക്കുറിച്ച് എന്തു പറയുന്നു എന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചപ്പോൾ “നീ ജീവനുള്ള ദൈവത്തിന്റെ

പുത്രനായ ക്രിസ്തു" എന്ന് പത്രൊസ് ഉറപ്പിച്ചു പറഞ്ഞു (മത്തായി 16:12-19).

**പത്രൊസ് പല സന്ദർഭങ്ങളിൽ യേശുവിനൊപ്പം**

കർത്താവായ യേശുക്രിസ്തു തന്റെ കഷ്ടാനുഭവ മരണത്തെക്കുറിച്ച് പറഞ്ഞുതുടങ്ങിയപ്പോൾ പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി നിനക്കിങ്ങനെ ഭവിക്കരുത് എന്നു പറഞ്ഞു. അപ്പോൾ പത്രൊസിൽക്കൂടെ സാത്താൻ സംസാരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ കർത്താവ് "സാത്താനേ എന്നെ വിട്ടു പോ" എന്നു പറഞ്ഞു (മർക്കൊ. 8:31-33) പിന്നീട് താബോർമലയിൽവെച്ച് യേശു ശിഷ്യന്മാരുടെ മുമ്പാകെ വെളിപ്പെട്ടപ്പോൾ റബ്ബീ നാം ഇവിടെ ഇരിക്കുന്നത് നല്ലതു; ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ എന്ന് പത്രൊസ് പറഞ്ഞു (മർക്കൊ. 9:2-8) വളരെ നിഷ്കളങ്കമായ വാക്കുകളും ധൃതിയിലുള്ള പ്രവർത്തികളുമുള്ള പത്രൊസിന്റെ സ്വഭാവം ആരെയും ആകർഷിക്കുന്നതാണ് അന്ത്യ അത്താഴം ഒരുക്കുവാൻ പത്രൊസിനെയും യോഹന്നാനെയും യേശു ചുമതലപ്പെടുത്തി (ലൂക്കൊ. 22:8) അത്താഴത്തിൽനിന്ന് എഴുന്നേറ്റ് യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി തുടച്ചു തുടങ്ങി. എന്നാൽ പത്രൊസ് തന്റെ കാൽ കഴുകാൻ വിസമ്മതിച്ചു. അപ്പൊൾ യേശു ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല എന്നു പറഞ്ഞപ്പോൾ കർത്താവേ എന്റെ കാൽ മാത്രമല്ല കയ്യും തലയും കൂടെ കഴുകേണമേ എന്നു പത്രൊസ് പറഞ്ഞു.

**യേശുവിനെ തള്ളിപ്പറഞ്ഞ പത്രൊസ്**

നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്നു പറഞ്ഞശേഷം ആ രാത്രിതന്നെ കോഴി കൂകുംമുമ്പ് മൂന്നുവട്ടം പത്രൊസ് യേശുവിനെ തള്ളിപ്പറഞ്ഞു. (യോഹന്നാൻ 18). അത് പത്രൊസിന്റെ ജീവിതത്തിൽ സംഭവിച്ച ഏറ്റവും വലിയ പരാജയമായിരുന്നു. എന്നാൽ ബന്ധനസ്ഥനായ യേശുവിന്റെ നോട്ടം അവനെ പശ്ചാത്താപത്തിലേക്ക് നയിച്ചു. ഗെത്ശെമനവരെ പത്രൊസും യാക്കോബും യോഹന്നാനും യേശുവിനെ അനുഗമിച്ചു. എന്നാൽ ക്രൂശിന്റെ ചുവട്ടിൽ ശിഷ്യന്മാരിൽ യോഹന്നാനെ മാത്രമേ കാണുന്നുള്ളു.

**പത്രൊസിന്റെ പരാജയ കാരണങ്ങൾ**

അമിതാവേശവും അമിത ആത്മവിശ്വാസവും പത്രൊസിന് വിനയായി. കൂടാതെ ഉണർന്നിരുന്ന് പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങിയതും കർത്താവിനെ അകലം വിട്ട് പിൻഗമിച്ചതും കർത്താവിനെ വിട്ട് ഓടിപ്പോയതും പാപികളോടുകൂടെ ഇരുന്നതും പത്രൊസിന്റെ ജീവിതത്തിലെ പരാജയകാരണങ്ങൾ ആയിരുന്നു. ലൂക്കൊ 22: 44-60 26:56. എന്നാൽ പെന്തെകൊസ്തനാളിൽ ആത്മാവിൽ നിറഞ്ഞതിനുശേഷം മുടന്തനെ സൗഖ്യമാക്കിയ സന്ദർഭത്തിൽ തന്റെ സ്വന്തശക്തികൊണ്ടോ ഭക്തികൊണ്ടോ അല്ല അത്ഭുതം നടന്നതെന്ന് പത്രൊസ് ഏറ്റുപറഞ്ഞു. (അപ്പൊ. പ്ര 3:12) പുനരുത്ഥാനശേഷം പത്രൊസിനാണ് യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് (ലൂക്കൊ. 24:34).

യേശുവിന്റെ ക്രൂശീകരണസമയത്ത് പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയ ശിഷ്യന്മാർക്ക് നല്ല പ്രാതൽ ഒരുക്കി അവരെ പോഷിപ്പിച്ച ശേഷം യോഹന്നാന്റെ മകനായ ശിമോനെ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന് മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞ പത്രൊസിനോട് യേശു ചോദിച്ചു. എന്റെ കുഞ്ഞാടുകളെ മേയിക്ക "എന്നു പറഞ്ഞ് മൂന്നുവട്ടം അവനെ ശുശ്രൂഷയിൽ ഉറപ്പിച്ചതിനു പിന്നാലെ പത്രൊസിന്റെ രക്തസാക്ഷിമരണത്തെക്കുറിച്ച് യേശു സൂചന നൽകി. യോഹ. 21:1-19 മഹാപുരോഹിതന്റെ ബാല്യക്കാരിയുടെ മുമ്പിൽ ഭയപ്പെട്ട് പ്രാകുകയും ആണയിടുകയും ചെയ്ത പത്രൊസ് പരിശുദ്ധാത്മാവിൽ നിറഞ്ഞശേഷം ഒരു പാറ എന്നവണ്ണം ധീരനും അചഞ്ചലനുമായിത്തീർന്നു. (മർക്കൊ. 14:70-71 അപ്പൊ. പ്രവൃ. 4:19, 20)

പ്രിയരെ, കർത്താവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ അളവ് എത്രയാണ്? ചിന്തിച്ചിട്ടുണ്ടോ? സമൂഹത്തിൽ നാം കാണുന്ന സ്നേഹത്തിനു അളവുണ്ട്? കാര്യസാധ്യം ഉണ്ട്? സ്വാർത്ഥത ഉണ്ട്? അവൻ ആദ്യം നമ്മെ സ്നേഹിച്ചതിനാൽ നാം സ്നേഹിക്കുന്നു. (1 യോഹ. 4:19) എന്നാൽ യേശുവിന്റെ സ്നേഹത്തിനു അളവില്ല, ക്രൂശിലെ മരണത്തോളം അവൻ നമ്മെ സ്നേഹിച്ചു. "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിരയിൽനിന്നു നീക്കുകയും ചെയ്യും." (വെളിപ്പാട് 2:4,5) യേശുവിനോടുള്ള ആദ്യസ്നേഹത്തിന്റെ ആഴത്തിലാണോ ഇന്നും നമ്മുടെ അവനുമായുള്ള ബന്ധം? ആലോചിക്കണമേ

പത്രൊസ് അപ്പൊസ്തലന്റെ ജീവിതം പഠിക്കുമ്പോൾ നമ്മുടെ വ്യക്തിപരമായ ജീവിതത്തിന്റെ പല അവസ്ഥകളോടും അത് സാമ്യമുള്ളതായിരിക്കും. എടുത്തുചാട്ടവും പിൻമാറലും, എല്ലാം. കർത്താവിന്റെ സ്നേഹത്തെ രുചിച്ചറിഞ്ഞ് കൂടുതൽ അടുത്തുവരുമ്പോൾ, ആ ശക്തിയാൽ നിറയപ്പെടുമ്പോൾ നമ്മുടെ ജീവിതം ആകെ മാറിമറിയുവാൻ ഇടയാകും ജീവിതത്തെ പൂർണ്ണമായി യേശുവിന് സമർപ്പിക്കൂ

ദൈവം അനുഗ്രഹിക്കട്ടെ. ●●●



യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# ബന്ധങ്ങളിലുള്ള ആസക്തി

**നാം** ജീവിക്കുന്ന ഈ കാലഘട്ടത്തിൽ വളരെ ഗൗരവതരമായ ആസക്തികൾ സമൂഹത്തിൽ പിടിമുറുക്കുന്നുണ്ട്. അതിലൊന്നാണ് ബന്ധങ്ങളിലുള്ള ആസക്തി. തന്റെ വൈകാരികമായ സുരക്ഷിതത്വത്തിനും, സ്വത്വബോധത്തിനും, സ്വന്തം മൂല്യം കണ്ടെത്തുവാനും മറ്റൊരു വ്യക്തിയെ അമിതമായും നിർബന്ധമായും ഒരുവൻ ആശ്രയിക്കുന്ന അവസ്ഥയാണ് ബന്ധങ്ങളിലുള്ള ആസക്തി. ഇവിടെ ഒരു വ്യക്തിയോടുള്ള സ്നേഹം ഒരു ബന്ധനമായി മാറുന്ന അവസ്ഥയാണ്. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് ദൈവം വരേണ്ടതിനു പകരം മറ്റൊരു വ്യക്തി കടന്നുവരുന്ന അവസ്ഥ.

ഈ അവസ്ഥ സുഹൃത്തുക്കൾക്കിടയിലോ, ഭാര്യാ ഭർത്താക്കന്മാർക്കിടയിലോ, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളിലോ ഒക്കെ ഉണ്ടാകാം. അത് പലപ്പോഴും മറ്റേ വ്യക്തിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും (Toxic Relationship). മറ്റെയാളിൽനിന്നുണ്ടാകുന്ന ഏതൊരു നിഷേധാത്മക പെരുമാറ്റവും ഈ ആസക്തി ഉള്ള വ്യക്തിയെ അക്രമാസക്തനാക്കുകയും മറ്റെയാളെ ശാരീരികമായി ഉപദ്രവിക്കാൻ, വേണ്ടിവന്നാൽ കൊല്ലാൻ പോലും പ്രേരിപ്പിക്കുകയും ചെയ്യും.

**ലക്ഷണങ്ങൾ:**

- ഒറ്റക്ക് ഇരിക്കേണ്ടിവരുമ്പോൾ ഉള്ളിൽ ഭയം തോന്നുക. എപ്പോഴും ആ വ്യക്തിയുടെ ഉറപ്പ് ലഭിച്ചുകൊണ്ടിരിക്കണം. (ഉദാ: ചില വ്യക്തികൾ അവരുടെ ജീവിതപങ്കാളി എപ്പോഴും കൂടെ ഉണ്ടാകുമോയെന്ന് ഇടക്കിടെ ചോദിച്ചുകൊണ്ടിരിക്കും. ഇതിന്റെ ഭാഗമായി സംശയരോഗവും ഉടലെടുത്തേക്കാം.)
- ദൈവത്തിൽ സുരക്ഷിതത്വം കണ്ടെത്തേണ്ടതിന് പകരം ആ വ്യക്തിയുടെ സുരക്ഷിതത്വത്തിൽ അഭയംപ്രാപിക്കുക (ഇത് വിഗ്രഹാരാധനയാണ്)
- ആ വ്യക്തിയിൽനിന്ന് എത്രമാത്രം ശാരീരികവും മാനസികവുമായ ഉപദ്രവങ്ങൾ നേരിട്ടാലും ആ വ്യക്തിയിൽനിന്ന് മാറിയാൽ തനിക്ക് ജീവിതമില്ല എന്ന് വിചാരിച്ച് ആ ബന്ധത്തിൽ തന്നെ തുടരുക. (പലപ്പോഴും ആത്മഹത്യയിൽ അവസാനിക്കും).
- സ്വന്തം താത്പര്യങ്ങളും, മൂല്യങ്ങളും, വിശ്വാസങ്ങളും മറ്റേ വ്യക്തിയെ പ്രീതിപ്പെടുത്തുവാനായി ഉപേക്ഷിക്കുകയോ വിട്ടുവീഴ്ച ചെയ്യുകയോ ചെയ്യും. (ഉദാ: ഭർത്താവിന്റെ താത്പര്യത്തിനുവേണ്ടി ഇഷ്ടമുള്ള ജോലി ഉപേക്ഷിക്കുന്ന ഭാര്യ, മറ്റൊരു മതവിശ്വാസത്തിലുള്ള വ്യക്തിയുടെ പ്രീതി സമ്പാദിക്കാനോ ബന്ധം നിലനിർത്തുവാനോ സ്വന്തം വിശ്വാസം ഉപേക്ഷിക്കുന്ന അവസ്ഥ)

- എപ്പോഴും ഈ ബന്ധത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും സ്വപ്നംകാണുകയും ചെയ്തു കൊണ്ടിരിക്കുക.

ഇത്തരം ബന്ധങ്ങൾ കാണുമ്പോൾ ഒരുപക്ഷേ മറ്റുള്ളവർ തെറ്റിദ്ധരിക്കുന്നത് വലിയ സ്നേഹ മാണെന്നായിരിക്കാം. എന്നാൽ അതൊരു ബന്ധം എന്നതിനെക്കാൾ ബന്ധനം എന്നു പറയുന്നതാണ് ശരി. അമിതമായ ആശ്രയബോധം മറ്റേയാൾക്ക് വേണ്ടി എന്തും ത്യജിക്കുവാനും സഹിക്കുവാനും തയ്യാറാകുന്ന ഈ അവസ്ഥ ഒരുവന് അവന്റെ വ്യക്തിത്വം നഷ്ടപ്പെടുത്തിക്കളയും.

**വചന വെളിച്ചത്തിൽ:**

ദൈവത്തിന്റെ സ്ഥാനത്ത് ഏതൊരു വ്യക്തി കടന്നുവന്നാലും അത് വിഗ്രഹാരാധനയാണ്. ദൈവത്തിൽ സന്തോഷിക്കുകയും ദൈവത്തിൽ തന്റെ സുരക്ഷിതത്വം കണ്ടെത്തുകയും ചെയ്യേണ്ട തിനു പകരം ഒരുവൻ അതിനുവേണ്ടി ഒരു മനു ഷ്യനെ ആശ്രയിക്കുമ്പോൾ ദൈവത്തിന്റെ സ്ഥാ നത്ത് ആ വ്യക്തിയെ പ്രതിഷ്ഠിക്കുകയാണ്.

മാത്രവുമല്ല, ക്രിസ്തുവിൽ നാം പൂർണ്ണരാണ് എന്ന് വചനം നമ്മോട് പറയുമ്പോൾ (കൊലൊ സ്സ്യർ 2:10) നാം മറ്റൊരു വ്യക്തിയിൽ പൂർണ്ണത കണ്ടെത്താൻ ശ്രമിക്കരുത്. മനുഷ്യനിൽ ആശ്ര യിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കു ന്നത് നല്ലത് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ആത്മീയ ഐഡന്റിറ്റി ക്രിസ്തുവിൽ നാം ദൈവമക്കൾ എന്നുള്ളതായിരിക്കണം.

മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേ ഷിക്കുന്ന ഒരു ദൈവപൈതലിന് മനുഷ്യൻ അംഗീ കരിച്ചാലും നിരസിച്ചാലും ദൈവത്തിൽ അടിസ്ഥാ നമിട്ട് ഉറച്ചുനിൽക്കുവാൻ കഴിയും. മനുഷ്യന്റെ പ്രീതിയെക്കുറിച്ച് അവൻ ആശങ്കപ്പെടുകയില്ല.

ശരിയായ ഒരു ബന്ധം ക്രിസ്തുവിനെ പ്രതി ഫലിപ്പിക്കും. അതുകൊണ്ടാണ് പൗലൊസ്അ പ്പോസ്തലൻ ഭർത്താക്കന്മാരോട് പറഞ്ഞത് നിങ്ങ ളുടെ ഭാര്യമാരെ കർത്താവ് തന്റെ സഭയെ സ്നേ ഹിച്ചതുപോലെ സ്നേഹിക്കണമെന്ന് (എഫെസ്യർ 5:25). അവിടെ സ്വന്തം ആഗ്രഹപൂർത്തീകരണങ്ങൾ ക്ക് വേണ്ടി പങ്കാളിയെ ഉപയോഗിക്കുന്നതിന് പ കരം ത്യാഗപൂർണ്ണമായ സ്നേഹവും വ്യവസ്ഥ കൂടാതെയുള്ള കീഴടങ്ങലും ഉണ്ടാകും.

ഏതൊരു മാനുഷിക ബന്ധങ്ങളിലും അതിർ വരമ്പുകൾ നിശ്ചയിക്കുവാൻ നമുക്ക് കഴിയണം. നമ്മുടെ ബന്ധങ്ങളെ ദുരുപയോഗംചെയ്യുന്ന ആളുകൾ ഉണ്ടാകും എന്ന് തിരിച്ചറിഞ്ഞ് സുര ക്ഷിതമായ അകലം സൂക്ഷിക്കുവാൻ കഴിയണം. ഗാർഹിക പീഡനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാല യളവിൽ ഈ അതിർവരമ്പുകൾ ഉറക്കെ പറയേ ണ്ടത് ആവശ്യമായിവന്നിരിക്കുന്നു.

വചനത്തിന്റെ വെളിച്ചത്തിൽ അധാർമ്മികമോ അസാന്മാർഗ്ഗികമോ ആയ ഏതെങ്കിലും ബന്ധ ങ്ങൾ ഉണ്ടെങ്കിൽ ദൈവസന്നിധിയിൽ ഏറ്റുപറ യുകയും ദൈവത്തോട് യഥാസ്ഥാനപ്പെട്ട് കേന്ദ്ര സ്ഥാനത്ത് ദൈവത്തെ മാത്രം കൊണ്ടുവരുവാനും നമുക്ക് കഴിയണം. ദൈവം നമ്മെ സഹായിക്കട്ടെ.

●●●

(പേജ് 8 – ൽ നിന്നും)

ആസ്വാദ്യകരവും തമ്മിൽ വേർപിരിക്കാൻ ഒരു ശക്തിക്കും സാധിക്കാത്ത സ്നേഹത്താൽ ഒട്ടിച്ചേർ ന്നതും (glued with love) ആയിരിക്കും. ആ സ്നേ ഹബന്ധമോ നിസ്വാർത്ഥവും സൽഫലങ്ങൾ എല്ലാ ക്കാലങ്ങളിലും പുറപ്പെടുവിക്കുന്നതും ആയിരിക്കും.

'നാം ഒറ്റക്ക് നടക്കാൻ അല്ല ദൈവം നമ്മെ ക്കുറിച്ച് ഉദ്ദേശിച്ചിരിക്കുന്നത്. വിവാഹം എന്നത് ദിവ്യമായ ഒരു പങ്കാളിത്തമാണ്. അതിലൂടെ ഇരു വരും അന്യോന്യം സഹായിച്ച് വളരുന്നതും (നന്മ ക്കായി അന്യോന്യം) ആഹ്വാനം ചെയ്യുന്നതും അതിലേറെ ദൈവമഹത്വം വെളിപ്പെടുത്തുന്നതും ആയിരിക്കും' Tony Evans

'വിവാഹത്തിൽ സ്നേഹം എന്നത് ഒരു തി കഞ്ഞ വ്യക്തിയിൽ കാണുന്ന ഒന്നല്ല പ്രത്യുത, പരിമിതിയുള്ള വ്യക്തിയിൽ പൂർണ്ണമായി ദർശി ക്കുന്ന ഒന്നത്രേ. ഈ യോജിപ്പിലൂടെ നാം നമ്മെ ത്തന്നെ (ഉള്ളതുപോലെ) കാണുകയും ജീവിത ത്തിന്റെ വെല്ലുവിളികളെ ഒരുമിച്ച് അഭിമുഖീകരി ക്കുവാൻ പഠിക്കുകയും ചെയ്യുന്നു' – John Piper

ഈ പറ്റിച്ചേരൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ എതിർലിംഗത്തിൽ ഉള്ള ഒരു വ്യക്തിയോടു മാത്ര മായിരിക്കണം ജീവിതാന്ത്യംവരെ.. അത് നിസ്തു ല്യമായ ഒരു ബന്ധമാണ്. സ്വാർത്ഥതയുടെ ജീവിതത്തിന് പകരം നിസ്വാർത്ഥതയുടെയും ദൈ വസ്നേഹത്തിന്റെയും വിട്ടുവീഴ്ചയുടെയും ജീ വിതത്തിന്റെ ആസ്വാദ്യത, മാധുര്യം, സന്തോഷം, സംതൃപ്തി ദൈവവചനം അനുസരിച്ച് ജീവി ക്കുന്ന ഒരു വ്യക്തിക്ക് മാത്രം ഗ്രഹിക്കാൻ സാധി ക്കുന്നതാണ്. വിവാഹിതരാകാൻ പോകുന്നവരും വിവാഹിതരായവരും ഈ തത്വം, സത്യം, മനസ്സി ലാക്കി അനുഭവമാക്കുവാൻ, അനുഗ്രഹിക്കപ്പെടു വാൻ ദൈവം കൃപചെയ്യട്ടെ

(തുടരും)

●●●





ടീച്ചർ

ശോശാമ്മ സാബു

# ശത്രുക്കളെ സ്നേഹിപ്പിൻ

ഒരു ഗ്രാമത്തിൽ ദാനി എന്നൊരു കുട്ടിയും രാജു എന്നൊരു കുട്ടിയും താമസിച്ചിരുന്നു. ഇവരുടെ വീടുകൾ അടുത്തടുത്തായിരുന്നു. ദാനിയുടെ വീട്ടുമുറ്റത്ത് വലിയ ഒരു മാവ് ഉണ്ടായിരുന്നു. വേനൽക്കാലത്ത് അതിൽ നിറയെ മാങ്ങ ഉണ്ടാകും. കുറച്ചു കഴിയുമ്പോൾ മാങ്ങ പഴുത്ത് ധാരാളം മാമ്പഴം ആകും. ഒരുദിവസം ദാനി നോക്കുമ്പോൾ രാജു ആരുംകാണാതെ ഒളിച്ച് മാവിൽകയറി മാമ്പഴം പറിച്ചെടുക്കുന്നു. ദാനിക്കു കോപം വന്നു 'ഇവൻ എന്റെ മാവിൽ കയറി മാമ്പഴം മോഷ്ടിക്കുന്നു. അവന് നല്ല അടി കൊടുക്കണം.' ദാനി മനസ്സിൽ വിചാരിച്ചു. എന്നാൽ സൺഡേസ്കൂളിൽ അവൻ പഠിച്ച യേശുവിന്റെ വാക്കുകൾ ഓർത്തു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ" അതിനാൽ ദാനി കോപം കാണിക്കാതെ രാജുവിനോട് പറഞ്ഞു. 'രാജു ആരും കാണാതെ മാമ്പഴം പറിക്കുന്നത് നല്ലതല്ല. നമുക്ക് ഒരുമിച്ചിരുന്ന് മാമ്പഴം കഴിക്കാം. എനിക്ക് നിന്നോട് കോപമില്ല. നീ എന്റെ സുഹൃത്ത് തന്നേ.' രാജുവിന് അത്ഭുതമായി അവൻ കരുതി 'ദാനി എന്നെ അടിക്കും' എന്ന് പക്ഷേ ദാനി സ്നേഹത്തോടെ ക്ഷണിച്ചതോടെ രാജുവിന്റെ മനസ്സ് മാറി. അന്നുമുതൽ അവർ നല്ല സുഹൃത്തുക്കളായി. ഇതിൽനിന്ന് 3 കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1. നമ്മോട് തെറ്റ്ചെയ്യുന്നവരോടും നാം സ്നേഹം കാണിക്കണം.
2. സ്നേഹംകൊണ്ടാണ് ഹൃദയം മാറുന്നത്. കോപം കൊണ്ടല്ല.
3. യേശുവിന്റെ വാക്കുകൾ പാലിക്കുമ്പോൾ നമ്മുടെ ശത്രുക്കൾ നമ്മുടെ കൂട്ടുകാരാകും. നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കിക്കേ. ദാനി രാജുവിനെ അടിച്ചെങ്കിൽ എന്തു സംഭവിച്ചേനേ?

ഇവിടെ സ്നേഹം കാണിച്ചപ്പോൾ ദാനിക്ക് ഒരു സുഹൃത്തിനെക്കൂടി കിട്ടി അല്ലേ?

മത്താ 5:44-ൽ പറയുന്നു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ."

യേശു പഠിപ്പിച്ചത് ശത്രുവിനെ വെറുക്കാതെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും നന്മ ചെയ്യുകയും വേണമെന്നാണ്. ഇങ്ങനെ ചെയ്യുമ്പോൾ നാം ദൈവത്തിന്റെ മക്കളായി മാറുന്നു.

# ൟ നവംബർ ൟ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

**HINDI : 5.00 am – 6.15 am**
ID https://meet.google.com/gdhnyycvjy

**MALAYALAM : 5.40 am – 6.40 am**
ID https://meet.google.com/iibyyvdseq

# ഓൺലൈൻ പ്രോഗ്രാമുകൾ

## ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

## Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.11.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 Pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 08.11.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 09.11.2025 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | അല്ലപ്ര (പള്ളത്തുകുടി ശ്രീ. പി. പി. വർഗ്ഗീസിന്റെ ഭവനം) |
| 10.11.2025 | തിങ്കൾ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | വലമ്പൂർ (വാലയിൽ ഡോ. വി. പി. മത്തായിയുടെ ഭവനം) |
| 15.11.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 16.11.2025 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | കുറുപ്പംപടി (പാറവേലിക്കുടി ശ്രീ. പി. പി. പൗലോസിന്റെ ഭവനം) |
| 21.11.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | സൗത്ത് മാറാടി (വെള്ളിയാംകുഴിയിൽ ശ്രീ. ബിജു പൗലോസിന്റെ ഭവനം) |
| 22.11.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 27.11.2025 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| 28.11.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | ഓടക്കാലി (മേനോത്തുമാലിൽ ശ്രീ. രാജൻ എം തോമസിന്റെ ഭവനം) |

# മൂന്നാം മിഷനറിയാത്ര – രണ്ടാം പാദം. ഭാരത ഗ്രാമങ്ങളിലൂടെ...

## തെലങ്കാനയിൽ







ഗോസ്പൽ മിഷൻ ചർച്ച്
ലക്ഷ്മിപുരം





ഗോസ്പൽ മിഷൻ ചർച്ച്
മുച്ചേർല



ഗോസ്പൽ മിഷൻ ചർച്ച്
മാതാപുരം





ബേഥേൽ ഗോസ്പൽ മിഷൻ ചർച്ച്, ഗോൽക്കൊണ്ട





## ഛത്തീസ













## മഹാരാ




ഗോസ്പൽ മിഷൻ ചർച്ച്, ബല്ലാർഷ




ഗോസ്പൽ മിഷൻ ചർച്ച്,

## ്ഗഢിൽ..........















## ഷ്ട്രയിൽ..........




ഗാഡ്ച്ചിറോലി







# ആന്ധ്രാപ്രദേശിൽ








# മദ്ധ്യപ്രദേശിൽ









ദൈവത്തിന്റെ അളവറ്റകൃപയാൽ മൂന്നാം മിഷനറിയാത്രയുടെ രണ്ടാം പാദം സെപ്റ്റംബർ 15-ാം തീയതി മിഷൻ സെന്ററിൽനിന്നും ആരംഭിച്ചു. മത്തായിസാറിന്റെ നേതൃത്വത്തിൽ ഞാനും ബിജു പൗലോസും സാറിന്റെ കാറിൽ തെലങ്കാന, ആന്ധ്രാപ്രദേശ്, ഒഡീഷ, ഛത്തീസ്ഗഢ്, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നമ്മൾ പുതുതായി ആരംഭിച്ച മിഷൻ ഫീൽഡുകൾ സന്ദർശിച്ചു. പുതിയതായി ചേർന്ന്പ്രവർത്തിക്കുന്ന കർത്താവിന്റെ വേലക്കാരുടെ പ്രവർത്തനങ്ങളെ കണ്ട് അവരോടുകൂടെ സന്തോഷിക്കുവാനും, അവർക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാനും വിശ്വാസികളോടൊപ്പം കൂട്ടായ്മ ആചരിക്കുവാനും ആരാധിക്കുവാനും ദൈവം കൃപ ചെയ്തു. മദ്ധ്യപ്രദേശിൽ വർഷങ്ങളായി നമ്മൾ വേല ചെയ്തിരുന്ന മെഹർമാംഗ്രാമത്തിൽ കടന്നുചെല്ലുവാനും വിശ്വാസികളെ കാണുവാനും അവരോടൊപ്പം പ്രാർത്ഥിക്കുവാനും സാധിച്ചു. അവിടെ പ്രവർത്തനങ്ങൾ 2023-ൽ അവസാനിപ്പിക്കേണ്ടതായി വന്നിരുന്നു. വീണ്ടും ദൈവം വൻകാര്യങ്ങൾ ചെയ്യട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് അവിടെനിന്ന് മടങ്ങി. ഛത്തീസ്ഗഢിലെ പ്രത്യേക സാഹചര്യങ്ങൾ നമുക്കറിയാമല്ലോ. എന്നിരുന്നാൽത്തന്നെ ദൈവസ്നേഹം രുചിച്ചറിഞ്ഞ ദൈവമക്കൾ വീടുകളിലും വനത്തിലെ വൃക്ഷത്തണലിന് കീഴെയും സമയക്രമങ്ങളും സ്ഥലങ്ങളും മാറ്റിമാറ്റി ആരാധന മുടക്കംകൂടാതെ നടത്തിവരുന്നു എന്നത്തന്നെ വളരെ പ്രശംസനീയമാണല്ലോ. നമുക്ക് ഭാരതഗ്രാമങ്ങൾക്കായി പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.



ജോസ് എം.ഒ

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **മത്തായി 10 – 12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധപന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **മത്തായി 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **മത്തായി 15 – 17 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റാവു, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : ജക്കീം - സന്ധിവാതം, പൂജ - തളർവാതം, സബിന - സന്ധിവേദന സൗഖ്യത്തിനായും, മോളി, മാർട്ടിൻ, ജോൺ, അനു, സീബ, ജക്കീം, ലോക്കി, ദുലി, ജിറ്റ്മിഷ്, മോളി, ഗബ്രിയേൽ - മാനസാന്തരത്തിനായും, ബൊങ്കൈഗാവ്. കൊക്രജാർ, ദുബരി ഫീൽഡുകളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **മത്തായി 18 – 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : കാജോൾ - തളർവാതം, തുളസി - ചുമ, നെഞ്ചുവേദന, മുന്നി - നെഞ്ചുവേദന സൗഖ്യത്തിനായും, ഷീല - സുഖപ്രസവത്തിനായും, രവി, അശോക്, സഞ്ജയ് - മദ്യപാനം മാറുവാനും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **മത്തായി 21, 22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഫീൽഡിൽ വേല വളരുന്നതിനായി പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **മത്തായി 23, 24 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **മത്തായി 25, 26 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : മൽബാരി ഫീൽഡിലെ സണ്ടേസ്കൂൾ കുട്ടികൾക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **മത്തായി 27, 28 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധന്യേശർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : കൗസല്യ - ടൈഫോയിഡ്, മഹേന്ദ്ര - അലർജി, പുഷ്പ - ശരീരക്ഷീണം, രക്തക്കുറവ്, ഖേലു, അനിത, ജോയൽ - ജലദോഷം, ചുമ, സരസ്വതി - കാൽമുട്ട്വേദന, സുരേഷ് - തളർവാതം, ധനേശ്വരി - ശരീരത്തിൽ അണുബാധ, ബലിറാം- കാൽമുട്ട്വേദന, രാംപ്രസാദ് - പക്ഷാഘാതം, ജിൽമിൽ - കാലിൽ ഗുരുതരമായ മുറിവ് സൗഖ്യത്തിനായും സന്തോഷി - സാത്താന്യബന്ധനം വിടുതലിനായും, സന്തോഷ് - മാനസാന്തരത്തിനായും, രാഖി, ഉദയ്, പ്രദീപ്, ത്രിലോചൻ, മേനിക, രേവതി, ദിവ്യ - തക്കതുണക്കായും, ചമേലി - മാനസിക പ്രശ്നങ്ങൾ മാറുന്നതിനും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **മർക്കൊസ് 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : ലഖാരം ഗ്രാമത്തിലെ വിശ്വാസികൾക്കായും ബിലാസ്പൂരിലെ പ്രതിഷേധ സാഹചര്യങ്ങൾ മാറി സമാധാനപരമായി വേല ചെയ്യുവാനും, വിനോദ് - ജോലി ലഭിക്കുവാനും, റോഷ്നി - സാത്താന്യബന്ധനം വിടുതലിനായും, ആരാധനാലയത്തിന്റെ പണി തടസ്സമില്ലാതെ നടക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **മർക്കൊസ് 4, 5 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആശേർ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : രാംസിംഗ് - മൂത്രതടസ്സം, ബബിത - വയറുവേദന - സൗഖ്യത്തിനായും, ശൈലേഷ് - ജോലിയുടെ അനുഗ്രഹത്തിനായും, നല്ല സുഹൃത്ത്ബന്ധങ്ങൾ ലഭിക്കുവാനും, സുരതി - ആത്മീയമായി കൂടുതൽ വളരുവാനും, ദിലീപ് - സാത്താന്യബന്ധനം വിടുതലിനായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **മർക്കൊസ് 6–8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **മർക്കൊസ് 9, 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും സുവിശേഷവേലക്ക് കടന്നു പോകുന്നതിന് ബൈക്കിനായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **മർക്കൊസ് 11, 12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഗംഗാറാം, ദേവ്റാം, ഫലാധ - റ്റി. ബി. കൃഷ്ണ - കാലിനു വേദന എന്നിവരുടെ സൗഖ്യത്തിനായും ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **മർക്കൊസ് 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**15**

**വായനഭാഗം : മർക്കൊസ് 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫുൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനകൂട്ടായ്മയുടെ വളർച്ചക്കായി പ്രാർത്ഥിക്കാം.

**16**

**വായനഭാഗം : ലൂക്കൊസ് 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു, സായിനാഥ് മല്ല
**വിഷയങ്ങൾ** : ഉഷ - പനി, ജലദോഷം, ചുമ, സച്ചിൻ - കൈക്ക് വേദന, രഞ്ജു - ഹാർട്ട് പ്രോബ്ലം ഇവരുടെ സൗഖ്യത്തിനായും, അഞ്ചീര, അഞ്ജന,സ്വപ്ന, ഉഷ, നില്ലു, അനുസേയ, പ്രദ, രേഖാ, സുമൻ, നിർമ്മല, മീരുലായ്, ശകുന്തള, ബബിത, രവികാന്ത, രത്നമാല, ഷീല, സിന്ധു, ഗീത, സുശീല, ഷീല - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ഖുശ്ബു ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**17**

**വായനഭാഗം : ലൂക്കൊസ് 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകർ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

**വായനഭാഗം : ലൂക്കൊസ് 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകർ** : യുൻഷെൻലോ ജിഷിംഗ് രംമ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

**വായനഭാഗം : ലൂക്കൊസ് 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചന, അഞ്ജന) തുപേശ്വർ മാജി
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

**വായനഭാഗം : ലൂക്കൊസ് 9–൧൦ അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകർ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : ക്രസ്റ്റീന - BSc നേഴ്സിംഗ് പഠനത്തിന്റെ അനുഗ്രഹത്തിനായും, മാർക്ക്, സാമുവേൽ, പ്രകാശ് സുന്ദർ - മാനസാന്തരത്തിനായും പ്രേയർഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

**വായനഭാഗം : ലൂക്കൊസ് 10, 11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകർ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : പത്മസേന - സ്വന്തമായൊരു ഭവനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**22**

**വായനഭാഗം : ലൂക്കൊസ് 12, 13 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകർ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : പുതിയതായി വിശ്വാസത്തിൽ കടന്നുവന്നവർക്കായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **ലൂക്കൊസ് 14–16 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)

**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജനീന)

**വിഷയങ്ങൾ** : മുന്ന, അഹാൻ - അനീമിയ, മംഗൽ - മുഖത്ത് കാൻസർ സൗഖ്യത്തിനായും മാനസാന്തരത്തിനായും, ലളിത്, ധേബോവ - മാനസാന്തരത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സണ്ഡേസ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികൾക്കായും അവരുടെ കുടുംബത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **ലൂക്കൊസ് 17–19 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)

**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്

**വിഷയങ്ങൾ** : ജ്യോതി, ജോൺസൻ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ധർമ്മേന്ദ്ര - കുടുംബസമാധാനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **ലൂക്കൊസ് 20, 21 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)

**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ്, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്

**വിഷയങ്ങൾ** : ലക്ഷ്മൺ, കേസരി - കൈകാൽ വേദന, തലകറക്കം, രാധ, ശങ്കർ രഞ്ജിത്ത്, ശൗൽ - കാഴ്ച്ചക്കുറവ് ഇവരുടെ സൗഖ്യത്തിനായും, ധുൽക്കി - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും ഫൂൽജി - ഹിമ, കമല - ബാബു, ശോഭ - രാജു, മീന - മിട്ടാലാൽ, ധർമ്മി - ശങ്കർ, ലക്ഷ്മി - ധാവര - കുടുംബത്തിന്റെ അനുഗ്രഹത്തിനായും ആനന്ദ് - സ്വന്തമായൊരു ഭവനത്തിനായും ബസുനി, കേസർവാട, രാംഗഡ്, ജോട, ബിലിപാഡ തുടങ്ങിയ ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **ലൂക്കൊസ് 22, 23 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)

**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)

**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേല വളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **ലൂക്കൊസ് 24–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)

**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)

**വിഷയങ്ങൾ** : മുച്ചല ഫീൽഡിലെ ചർച്ച് പണിയുടെ പൂർത്തികരണത്തിനായും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **യോഹന്നാൻ 1–3 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)

**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)

**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **യോഹന്നാൻ 4–6 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)

**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡ്ഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആഗ്യ) ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)

**വിഷയങ്ങൾ** : നമ്രത - നേഴ്സിംഗ് പഠനത്തിന്റെ അനുഗ്രഹത്തിനായും, സുവിശേഷവേലക്ക് കടന്നു പോകുവാൻ ബൈക്കിനായും, ഫീൽഡിൽ ചർച്ച് പണിയുന്നതിനായും, വേല വളരുവാനും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **യോഹന്നാൻ 7, 8 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)

**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജനീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു, ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)



സി. ജി. തോമസ്

# കൃപയും പ്രവൃത്തികളും

**നാം** അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു (എഫെ 2:10)

നാം മനുഷ്യനായി ഈ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടതും യേശുക്രിസ്തുവിനെ രക്ഷകനായി വിശ്വസിച്ചുകൊണ്ട് ഈ ഭൂമിയിൽ ജീവിക്കുന്നതും സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീർന്നതും എല്ലാം ദൈവത്തിന്റെ കൃപയാലത്രേ. രക്ഷ ദാനമാണ്; വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യമായി ലഭിക്കുന്നു. എന്നാൽ നാം ഇവിടെ പരദേശിയായി ജീവിക്കുമ്പോൾ, നാം യേശുക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു, അവനുവേണ്ടി പ്രവർത്തിക്കുന്നു.

നാം എന്താണ് പ്രവർത്തിക്കുന്നത്? നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. ആ പ്രവൃത്തികളോ ദൈവം മുൻകൂട്ടി ഒരുക്കിയിരിക്കുന്നവയും ആകുന്നു. അതുകൊണ്ട്, എന്താണ് നമുക്കുവേണ്ടി മുൻകൂട്ടി ഒരുക്കിയിരിക്കുന്ന പ്രവൃത്തികൾ എന്നു നാം മനസ്സിലാക്കി അതു ചെയ്യേണ്ടിയിരിക്കുന്നു. അതു ചെയ്യുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ ജീവന്റെയും ജീവിതത്തിന്റെയും സാഫല്യമെന്നു പറയുന്നത് ആ സത്പ്രവർത്തികൾ ചെയ്തു പൂർത്തിയാക്കുകയാണ്. അപ്പോൾ മരണസമയത്തു നമുക്കു പറയുവാൻ കഴിയും. എല്ലാം നിവൃത്തിയായി'. യേശുക്രിസ്തു പറഞ്ഞതുപോലെ നമുക്കും പറഞ്ഞ് നമ്മുടെ ആത്മാവിനെ ഏല്പിച്ചുകൊടുക്കുവാൻ സാധിക്കും.

**1. നാം ഒരു പുതുജീവിതം നയിക്കണം.**

"നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു". (റോമർ 6:6) ക്രിസ്തു മരിച്ച് അടക്കപ്പെട്ടതിനു ശേഷം മൂന്നാം ദിവസം മഹത്വത്തോടുകൂടി ഉയിർത്തെഴുന്നേറ്റുവല്ലോ. നമ്മുടെ ജ്ഞാനസ്നാനംവഴി നാം പ്രകടമാക്കുന്നത് നമ്മുടെ പഴയ ജീവിതരീതിയെല്ലാം ഉപേക്ഷിച്ച് പാപസംബന്ധമായി നാം മരിച്ച്, ഒരു പുതുജീവിതം നയിക്കേണ്ടതിനാണ്, നാം ജലത്തിൽനിന്നും കയറി പുറത്തേക്കു വന്നത് എന്നാണ്.

**2. വിശ്വാസി നയിക്കപ്പെടേണ്ടത് വിശ്വാസത്താലായിരിക്കണം.**

"കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു." (2 കൊരി 5:7) ക്രിസ്തീയ ജീവിതം എന്നതു വിശ്വാസത്താലുള്ള ഒരു ജീവിതമാണ്. യേശു തോമാസിനോടു പറഞ്ഞില്ലേ, "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ." എബ്രായലേഖനത്തിൽ വിശ്വാസവീരന്മാരെ നാം കാണുന്നു. 'എങ്ങോട്ടു പോകണം എന്നു വ്യക്തതവരുന്നതിനു മുമ്പായിത്തന്നെ അബ്രാഹാംപിതാവ് ദൈവവചനം കേട്ട് യാത്ര പുറപ്പെട്ടു. പ്രതീക്ഷക്കു സാദ്ധ്യത ഇല്ലാതിരുന്നപ്പോൾപ്പോലും തന്റെ ഭാര്യ സാറായിയിൽനിന്ന് തനിക്ക് ഒരു പുത്രൻ ലഭിക്കും എന്ന വാഗ്ദാനം അബ്രാഹാം വിശ്വസിച്ചു. യിസ്ഹാക്കിനെ ബലി അർപ്പിക്കാനുള്ള ദൈവത്തിന്റെ ആജ്ഞയെ അബ്രാഹാം അനുസരിച്ചു. ചാരത്തിൽനിന്നുപോലും തനിക്ക് പുത്രനെ പുനർജ്ജീവിപ്പിച്ചുതരുവാൻ ദൈവത്തിനു കഴിയുമെന്ന് അവൻ വിശ്വസിച്ചു.

**3. ആത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിക്കണം.**

"ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ

നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു.” (ഗലാത്യാർ 5:16) പരിശുദ്ധാത്മാവിനെ പ്രാപിച്ചുകൊണ്ട് ആത്മാവിന്റെ പ്രേരണയാൽ നാം മുന്നോട്ടുപോകണം. ജഡത്തിന് ചില ആഗ്രഹങ്ങൾ ഒക്കെ ഉണ്ടാകും. മണ്ണു കൊണ്ടു നിർമ്മിക്കപ്പെട്ടവനല്ലോ മാത്രമല്ല, ആദാം ഹവ്വാ പാപം ചെയ്തതു മുതൽ നാം എല്ലാം ശപിക്കപ്പെട്ട ഈ ഭൂമിയിൽ പിശാചിന്റെ അടിമത്തത്തിൽ കഴിഞ്ഞുകൂടുകയുമല്ലേ. നമ്മുടെ ജഡവും ലോകവും പിശാചും നിമിഷനേരത്തെ സന്തോഷത്തിനു വേണ്ടി നിത്യജീവനെ നഷ്ടപ്പെടുത്തുവാൻ നമ്മെ പരീക്ഷിച്ചുകൊണ്ടിരിക്കും.’ പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോയുടെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് (മോശെ) നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു. (എബ്രായർ 11:26)

**4. വിളിക്കു യോഗ്യമാംവിധം ജീവിക്കണം.**

“കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൌമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ.” (എഫെസ്യർ 4:1-3) ഓരോരുത്തർക്കും വ്യത്യസ്ത ജീവിത നിയോഗം ആയിരിക്കും. ജോലി വിവിധതരത്തിലുള്ളതായിരിക്കാം. വിശ്വസ്തരായിരിക്കുക.

**5. സ്നേഹത്തിൽ ജീവിക്കണം.**

“ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.” (എഫെസ്യർ 5:2) വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലിയതോ സ്നേഹം തന്നേ. സ്നേഹമില്ലെങ്കിൽ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ മാത്രമാണ്.

**6. പ്രകാശത്തിൽ സഞ്ചരിക്കണം.**

“അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” (1 യോഹ 1:7) ലോകത്തിന്റെ പ്രകാശം യേശുക്രിസ്തു തന്നേ. അന്ത്യ അത്താഴ സമയത്ത് യേശു അപ്പക്കഷണം യൂദാക്കു കൊടുത്തപ്പോൾ അവൻ എഴുന്നേറ്റുപോയത് ഇരുട്ടിലേക്കാണ്. എന്തെന്നാൽ സാത്താൻ അവനിൽ പ്രവേശിച്ചിരുന്നു.

**7. ക്രിസ്തുവിനെപ്പോലെ നടക്കണം.**

“അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ. അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.” (1 യോഹ 2:6) ഫിലിപ്പിയലേഖനത്തിൽ പൌലൊസ് പറയുന്നു, ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നമുക്കും ഉണ്ടായിരിക്കണമെന്ന്. ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കണമെന്നു വിചാരിച്ചില്ല. തന്നെത്തന്നെ താഴ്ത്തി ക്രൂശിൽ നമുക്കു വേണ്ടി മരിച്ചു. അതു നമ്മുടെ പാപപരിഹാരത്തിനുള്ള ബലിയായിരുന്നു. നാം ഏല്ക്കേണ്ട ശിക്ഷ അവൻ തന്റെ ശരീരത്തിൽ വഹിച്ചു. അവൻ ഗത്ത്ശെമനയിൽ വെച്ചും ഗൊല്ഗോഥായിൽവെച്ചും രക്തം ചിന്തിയത് എന്നെ ശുദ്ധീകരിക്കാനായിരുന്നു.

പ്രവൃത്തികളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കാൻ കാരണം പ്രവൃത്തികൾക്കു തക്ക പ്രതിഫലം ഉണ്ട് എന്ന് ഓർമ്മപ്പെടുത്താനായിരുന്നു. പ്രവൃത്തികളുടെ പുസ്തകംതന്നെ ദൈവത്തിന്റെ കൈവശം ഉണ്ട്. ന്യായവിസ്താര അവസരത്തിൽ പ്രവൃത്തികൾക്കനുസരിച്ചുള്ള പ്രതിഫലം കിട്ടും. അഞ്ചു നാണയം കിട്ടിയവൻ വ്യാപാരംചെയ്ത് അഞ്ചുകൂടി സമ്പാദിച്ചതിനാൽ അഞ്ചു നഗരങ്ങളുടെ അധികാരം നൽകപ്പെടുന്നു. ഒന്നു കിട്ടിയവർ അതു കുഴിച്ചിട്ടതുകൊണ്ട് ശിക്ഷാവിധി അനുഭവിക്കുന്നു. ശിഷ്യനെന്ന നിലയിൽ ഒരുപാത്രം വെള്ളം നൽകിയാലും അതിനു പ്രതിഫലം നൽകപ്പെടുമെന്ന് യേശുകർത്താവു പറഞ്ഞിട്ടുണ്ട്. സത്പ്രവൃത്തികളുടെ ഒരു പട്ടിക മത്തായി 25-ൽ യേശുകർത്താവു നൽകിയിട്ടുണ്ട്. ഭക്ഷണം, വെള്ളം, ഇവ നൽകുക, അതിഥിയെ ചേർത്തുകൊൾക, നഗ്നരെ ഉടുപ്പിക്കുക, രോഗിയെ സന്ദർശിക്കുക, തടവുകാരുടെ അടുത്തു ചെല്ലുക.

എന്നാൽ രക്ഷ ദാനമായി ലഭിക്കുന്നതുകൊണ്ട് ആരും അതിൽ അഹങ്കരിക്കേണ്ടതില്ല. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അതു കൃപയാൽ ലഭിക്കുന്നു അത് നേടിയെടുക്കുന്നതല്ല പ്രവൃത്തിയുടെ ഫലവുമല്ല. രക്ഷ പ്രവൃത്തിച്ചുകൊണ്ട് നേടിയെടുക്കാമെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ, ദൈവത്തിന്റെ ദാനത്തെക്കുറിച്ച് അവൻ മനസ്സിലാക്കിയിട്ടില്ല എന്നു സാരം. കന്യകമറിയം കൃപനിറഞ്ഞവൾ ആയിരുന്നതുകൊണ്ട് സ്തോത്രഗീതത്തിൽ അവൾ പാടി; എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. ●●●



# ക്രിസ്തുവിന്നായി മുദ്രയടിക്കപ്പെട്ടവൻ

ലീനാർഡ് റാവൻഹിൽ

**താ**ഴ്മ എന്നുള്ള സ്വഭാവഗുണം എത്രയോ ഹൃദയാശ്വാസം നല്കുന്നു. ഒന്നും നഷ്ടപ്പെടാനില്ലെന്നുള്ള മഹാ സന്തോഷം! തന്നെക്കുറിച്ച് യാതൊരു മതിപ്പും തനിക്കില്ലാതിരുന്നിട്ടും പൌലൊസ് യാതൊരു വീഴ്ചയെയും ഭയപ്പെട്ടിരുന്നില്ല. ഒരു എബ്രായ സർവ്വകലാശാലചാൻസലറുടെ വർണ്ണാഭനിറഞ്ഞ അങ്കിയാൽ വിഭൂഷിതനായി അവന് ചമയാമായിരുന്നു. എന്നാൽ അവൻ സൗമ്യതയും സാവധാനതയും ഉള്ള മനസ്സ് എന്ന അക്ഷയ ഭൂഷണത്താൽ, ഉജ്ജ്വല ദീപ്തിയുള്ളവനായി തിളങ്ങുകയായിരുന്നു.

അടുത്തതായി, പൌലൊസ് കഷ്ടതയാൽ ചൂടുവെക്കപ്പെട്ടവൻ ആയിരുന്നു. റോമാലേഖനം എട്ടാം അദ്ധ്യായത്തിൽ അവൻ പറയുന്ന കാര്യങ്ങൾ ചിന്തിക്കുക; പട്ടിണിയും ആപത്തും, നഗ്നതയും, വാളും (ശാരീരികമായ ദാരുണ അസ്വാസ്ഥ്യങ്ങളിൽ പെടുന്നവയത്രെ ഇവ), കഷ്ടതയും (ഒരുപക്ഷെ മനസ്സിനെ ബാധിക്കുന്നത്) സങ്കടവും ആപത്തും (ആത്മാവിനെ സംബന്ധിച്ചുള്ളത്). ഈ എല്ലാ കഷ്ടങ്ങളിലും ഈ കൊച്ചു ശുശ്രൂഷകൻ പങ്കുകൊണ്ടു.

ഈ ദേശാന്തരിയായ യെഹൂദൻ ദൈവത്തോടും, മനുഷ്യമക്കളോടും, സമരംചെയ്ത എല്ലാറ്റിനോടും, "പടവെട്ടി" ഈ പ്രസംഗികളുടെ പ്രഭുവും അവന്റെ ശത്രുവായ പാതാളത്തിന്റെ പ്രഭുവും തമ്മിൽ ഒട്ടും വിട്ടുകൊടുക്കാതെ ഊറ്റമായേറ്റുമുട്ടി. യാതൊരു കയ്യും തടയാത്ത ഒരു തുറന്ന ഏറ്റുമുട്ടൽ തന്നെയായിരുന്നു അത്.

പൌലൊസിനെ ഒന്നുകൂടെ അടുത്തുനിന്നു നോക്കുക! ആ വിളറിയ മുഖഭാവം, വടുക്കളെക്കൊണ്ടു നിറഞ്ഞ ശരീരം, വിശപ്പിനാൽ ശിക്ഷിതവും, ഉപവാസത്താൽ ക്ഷീണിച്ചതും ചാട്ടവാറുകൊണ്ടുള്ള അടിയാൽ ഉഴുതുമറിക്കപ്പെട്ടതും ആയ ആ കൂനിയ മനുഷ്യരൂപം, ലുസ്രതയിൽവെച്ച് അതിക്രൂരമായി കല്ലേറേറ്റതും മറ്റനവധി സ്ഥലങ്ങളിൽ വെച്ച് പട്ടിണി സഹിച്ചതുമായ ആ കൊച്ചു ശരീരം, മദ്ധ്യധരണ്യാഴിയിൽ 36 മണിക്കൂറോളം വല്ലാത്ത കഷ്ടാവസ്ഥയിലായിത്തീർന്ന ആ ത്വക്ക്! ഈ പട്ടികയോട് ആപത്തിന്മേൽ ആപത്ത് കൂട്ടുക, അതിനെ ഏകാന്തതകൊണ്ട് ഗുണിക്കുക, തുടർന്നുണ്ടായ 195 അടികൾ, മൂന്നുപ്രാവശ്യത്തെ കപ്പൽച്ചേതം. കോൽകൊണ്ട് മൂന്നു വട്ടം കൊണ്ട അടികൾ, ഒരു കല്ലേറ്, ഒരു കാരാഗൃഹ രേഖയും ഇല്ലാതെ ദിനംപ്രതിയുള്ള "മരണങ്ങളും" അങ്ങനെ നിരവധിയായവയും എണ്ണാൻ തുടങ്ങിയാൽ എണ്ണം തെറ്റിപ്പോകും. എങ്കിലും ഒരാൾ ഇതെല്ലാം ഒന്നിച്ചുകൂട്ടി നോക്കിയാൽ, അത് ഏതുമില്ല എന്നു എഴുതിത്തള്ളേണ്ടിവരും; കാരണം പൌലൊസ് താൻതന്നെ അങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത്. അവൻ പറയുന്നത് ശ്രദ്ധിക്കൂ. "നൊടിനേരത്തേക്കുള്ള നമ്മുടെ ലഘുവായ കഷ്ടം...." അതാണ് കഷ്ടതയുടെ അവജ്ഞ. നിങ്ങൾക്കിഷ്ടമാണെങ്കിൽ!

കൂടാതെ, പൌലൊസ് അന്തർദാഹത്താൽ മുദ്രയടിക്കപ്പെട്ടവൻ ആയിരുന്നു. സ്വന്തം സാക്ഷ്യത്തിനു സാക്ഷിനിൽക്കുവാൻ പരിശുദ്ധാത്മാവിനെ വിളിക്കുവാൻ ഒരു മനുഷ്യന് സാധിക്കണം. എങ്കിൽ അവൻ ദൈവത്തിന്റെ സമ്പൂർണ്ണഹിതം അനുഷ്ഠിച്ച് പരിപൂർണ്ണ അനുസരണത്തിൽ നടക്കുന്നവൻ ആയിരുന്നേ മതിയാകു. എന്നിട്ടും റോമാലേഖനം 9-ാം അദ്ധ്യായം രണ്ടാം വാക്യത്തിൽ പൌലൊസ് ഇതാണ് ചെയ്യുന്നത്.

ഓ, ഈ അത്ഭുതജ്വാലയിൽനിന്നും അല്പം പ്രകാശമെങ്കിലും കയ്യടക്കുവാൻ ഓരോ സജീവ പ്രസംഗിക്കും കഴിഞ്ഞിരുന്നെങ്കിൽ! ആ ജ്വാലയെ അവനിൽനിന്നും അകറ്റുവാൻ അടികൾക്ക് കഴിഞ്ഞില്ല. ഉപവാസങ്ങൾക്കും വിശപ്പിനും അതിനെ നിർവ്വീര്യമാക്കാൻ കഴിഞ്ഞില്ല. തെറ്റിദ്ധാരണകൾക്കും തെറ്റിദ്ധരിപ്പിക്കലിനും അതിന്റെ അഗ്നിയെ കെടുത്തുവാൻ സാധിച്ചില്ല. വെള്ളങ്ങൾക്ക് അതിനെ മുക്കിക്കളവാനോ, കാരാഗൃഹങ്ങൾക്ക് അതിനെ തകർത്തുകളവാനോ പറ്റിയില്ല. അതിന്റെ വളർച്ചയെ നിരോധിക്കുവാൻ ആപത്തുകൾക്കും കഴിഞ്ഞില്ല. അവന്റെ ശരീരത്തിൽനിന്നും ജീവൻ ക്ഷയിക്കുംവരെയും അത് പിന്നെയും പിന്നെയും ജ്വലിച്ചുകത്തിക്കൊണ്ടേയിരുന്നു.

പൌലൊസിന്റെ ആത്മദാഹത്തിലൂടെ പ്രത്യക്ഷമാക്കപ്പെട്ട, അവനിൽ അധിവസിച്ചുകൊണ്ടിരുന്നു ജീവിക്കുന്ന ക്രിസ്തു (ഗലാത്യർ 2:20) നരകത്തിന്റെ കൊടും നൈരാശ്യവും, സഭയുടെ വിപുലീകരണത്തിനുള്ള മൂലധനവും, രക്ഷിതാവിന്റെ ഹൃദയത്തിന് പ്രസാദപ്രദവും ആയിരുന്നു. (അവന്റെ പ്രാണന്റെ കഠിനാദ്ധ്വാനത്തെ കണ്ടുകൊണ്ടിരുന്നവൻ സംതൃപ്തനായിത്തീരുകയും ചെയ്തു.)

പൌലൊസ് സ്നേഹത്താൽ മുദ്രയടിക്കപ്പെട്ടവൻ ആയിരുന്നു. "ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ" ആയിത്തീരുന്ന അനുഭവം പൌലൊസിനുണ്ടായപ്പോൾ സ്നേഹിക്കുന്നതിനുള്ള കഴിവ് അവൻ അവനിൽ പടുത്തുയർത്തി. (പരിപക്വമതിത്വം മാത്രമെ സ്നേഹത്തെ അറിയുന്നുള്ളു), പൌലൊസ് എങ്ങനെ സ്നേഹിച്ചു! പ്രഥമമായും പരമോന്നതമായും, പൌലൊസ് കർത്താവിനെ സ്നേഹിച്ചു.പിന്നെ അവൻ മനുഷ്യരെ, തന്റെ ശത്രുക്കളെയും, ബുദ്ധിമുട്ടുകളെയും പ്രാണവേദനയെപ്പോലും സ്നേഹിച്ചു. ഈ രണ്ടാമത്തതിനെ പൌലൊസ് സ്നേഹിച്ചിരുന്നിരിക്കണം അല്ലാത്ത പക്ഷം അവൻ പ്രാർത്ഥിക്കുന്നതിൽ മടിയുള്ളവൻ ആകുമായിരുന്നു. പൌലൊസിന്റെ സ്നേഹം, അവനെ, നഷ്ടപ്പെട്ടവരുടെയും, ഏറ്റവും ഒടുവിലത്തവന്റെയും ഏറ്റവും ചെറിയവരുടെയും അടുക്കലേക്കാനയിച്ചു. സ്നേഹത്തിന്റെ വ്യാപ്തി എത്രയധികം! ബുദ്ധിമാന്മാരെക്കൊണ്ടു നിറഞ്ഞ അരയോപഗക്കുന്ന്, പാരമ്പര്യങ്ങളിലധിഷ്ഠിതരായ മതവിശ്വാസികളാൽ നിറയപ്പെട്ട പള്ളികൾ, മുടിയൻ പുത്രന്മാരെക്കൊണ്ടു നിറഞ്ഞ ചന്തസ്ഥലങ്ങൾ. ഇവ എല്ലാറ്റിനെയും കുറിച്ച് ഉത്കടമായ ആർത്തിപൂണ്ട് അവരെ തന്റെ കർത്താവിന്നായി അന്വേഷിക്കുകയും ചെയ്തു. ഒരു ശക്തികൂടിയ, വിദ്യുചക്ത്യുൽപ്പാദനയന്ത്രം എന്നപോലെ ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുന്നതിനായി ക്രിസ്തുവിന്റെ സ്നേഹം അവനെ മുന്നോട്ടു തള്ളി. ഈ മനുഷ്യൻ പ്രാർത്ഥിച്ചതുപോലെ അധികമാരും പ്രാർത്ഥിച്ചിട്ടുണ്ടാകയില്ല. സ്നേഹപ്രചോദിതമായ അഭയയാചനയുടെ കാര്യത്തിൽ ശരീരദേഹികളെ നിയന്ത്രണാധീനമാക്കുവാൻ സാധിച്ചിട്ടുള്ള മക്ഷെയിനും. ജോൺഫ്ളെച്ചറും, കരുത്തനായ ബ്രെയ്നാർഡും മറ്റു ചുരുക്കം ചിലരും ഒരു പക്ഷേ കണ്ടേക്കാം.

മൗരേഖലിന്റെ സമീപത്തു നിന്നുകൊണ്ട് അവളുടെ ഈ സ്തുതിഗീതം ഞങ്ങൾ പാടിയത് ഞാനോർക്കുന്നു.

കാണാതെ പോയതിനെ തേടി ചെല്ലുവാൻ
എന്നെ നിർബന്ധിക്കുന്ന ഒരു സ്നേഹം ഉണ്ട്; ഞാൻ
എന്റെ സർവ്വസ്വവും നിനക്കായി നൽകുന്നേൻ
കർത്താവേ എന്തു വിലകൊടുത്തും രക്ഷിക്കേണ്ടതിന്നായി!

അതു കേവലം വൈകാരികമായ ഒരു ഭംഗിവാക്കായിരുന്നില്ല. അവൾക്കു അതിനു തടവും ഏകാന്തവാസവും, വേദനയും ദാരിദ്ര്യവും ആണു സഹിക്കേണ്ടിവന്നത്.

"അവിടുത്തെ നിർമ്മലസ്നേഹം എന്റെ ഹൃത്തടത്തിൽ എന്നുള്ളതല്ലാതെ, ഈ ഭൂമിയിൽ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല." എന്ന് ചാൾസ് വെസ്ലി പറഞ്ഞപ്പോൾ അദ്ദേഹം തന്റെ കാൽവിരലുകളുടെ അഗ്രത്തിലെത്തിപ്പോയോയെന്നു തോന്നിപ്പോകുന്നു.! അടുത്തകാലത്ത് ആമികാർമെഖൽ ഹൃദയംഗമമായി ഇങ്ങനെ പ്രാർത്ഥിച്ചു. "വഴി കാണിക്കുന്നതായ ഒരു സ്നേഹം എനിക്കു നൽകണമേ., യാതൊന്നിനും അമ്പരപ്പിക്കുവാൻ കഴിയാത്ത ഒരു വിശ്വാസവും." ഈ സ്ത്രീ പുരുഷന്മാർ തീർച്ചയായും ആത്മാക്കളെ ആദായപ്പെടുത്തുന്ന അപ്പൊസ്തലിക രഹസ്യത്തിന്റെ കാല്പാട് പിൻപറ്റുകയായിരുന്നു.

ആത്മാക്കളെ നേടിയിട്ടുള്ള മഹാന്മാരായവർ എപ്പോഴും മനുഷ്യരുടെ ആത്മാക്കളെ അത്യുൽക്കടമായി സ്നേഹിക്കുന്നവർ ആയിരുന്നു. വലിയ സ്നേഹത്തിനു മാത്രമെ എല്ലാ കുറഞ്ഞ സ്നേഹങ്ങളെയും കീഴടക്കുവാന് കഴികയുള്ളു. അവരുടെ ആത്മാക്കളെ സ്നേഹിക്കുന്നവനോടുള്ള വലിയ സ്നേഹം അവരെ കണ്ണുനീരിലേക്കും, കഠിനാദ്ധ്വാനത്തിലേക്കും വിജയോത്സവത്തിലേക്കും ഓടിച്ചു. ഈ ദുഷ്കാലത്ത് ഏറ്റവും കുറച്ചു സ്നേഹിക്കുവാൻ നാം മുതിരുന്നുവോ?

പ്രവൃത്തിയുടെയും ചിന്തയുടെയും തലങ്ങളെ നി
യന്ത്രിച്ചുകൊണ്ട് സ്നേഹത്തിൽ ശക്തനായുള്ളോ,
വേ, ഞാൻ അങ്ങയെ സ്നേഹിക്കട്ടെ; അതിനാൽ എനിക്കു നേരുള്ളവനായി നടക്കുവാൻ
കഴിയും, വേണ്ടുംവണ്ണം അങ്ങയെ സേവിപ്പാൻ എനിക്കു കഴിയും.
സ്നേഹം ഓരോ കാലടിയെയും മൃദുവാക്കും.
സ്നേഹം ഓരോ ക്ലേശത്തെയും നിസ്സാരമാക്കും,
സ്നേഹം ചോദ്യംചെയ്യാതെ അനുഗമിക്കും.
സ്നേഹം വിജയം കൈവരുത്തും, സ്നേഹം വെല്ലുവിളിക്കും!

തങ്ങൾ തിരഞ്ഞെടുക്കാതെ തന്നേ ദശലക്ഷങ്ങൾ ഒരുദിവസം അന്തിക്രിസ്തുവിന്നായി മുദ്രയിടപ്പെടും. നമ്മുടെ ഉടമസ്ഥന്റെ അടയാളങ്ങളെ, യേശുവിന്റെ ചൂടടയാളങ്ങളെ നമ്മുടെ ശരീരാത്മദേഹികളിൽ വഹിക്കുന്നതിൽ നിന്നും നാം പിൻവലിയുകയോ? അടയാളം കുത്തപ്പെടുകയെന്നതിനു വേദന എന്നാണർത്ഥം. നാം അത് ആഗ്രഹിക്കുന്നുവോ! മുദ്രകുത്തപ്പെടുക എന്നുപറഞ്ഞാൽ അടിമയുടെ അപവാദം അഥവാ നിന്ദ വഹിക്കുക എന്നാണർത്ഥം. ക്രിസ്തുവിന്നായി മുദ്രയിടപ്പെടുന്നതിനെ-ചുടുവെക്കപ്പെടുന്നതിനെ നാം തിരഞ്ഞെടുക്കുമോ? ●●●

NEWS

## ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് നിർബന്ധിത മതപരിവർത്തനം, മർദ്ദനം: റിപ്പോർട്ട്




**ലോ**കത്ത് വിവിധ രാഷ്ട്രങ്ങളിൽ ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളും നിർബന്ധിത മതപരിവർത്തന നീക്കവും വാർത്തകളായിക്കൊണ്ടിരിക്കുന്ന സമയമാണിത്. എന്നാൽ 5 പ്രമുഖ രാഷ്ട്രങ്ങളിലെ ക്രിസ്ത്യൻ വിദ്യാർത്ഥികൾ നേരിടുന്ന അതിക്രമങ്ങൾ മാത്രം വസ്തുനിഷ്ഠമായി വിലയിരുത്തി അന്താരാഷ്ട്ര ക്രിസ്ത്യൻ സംഘടനയായ ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡ് തയ്യാറാക്കിയ റിപ്പോർട്ടാണ് പുറത്തുവിട്ടിരിക്കുന്നത്. ഫെയ്ത്ത് ആന്റ് എ ഫ്യൂച്ചർ എന്ന പേരിൽ തയ്യാറാക്കിയ റിപ്പോർട്ടുപ്രകാരം ബർമ്മ, ഇറാൻ, മെക്സിക്കോ, നൈജീരിയ, പാക്കിസ്ഥാൻ എന്നീ രാഷ്ട്രങ്ങളിലെ നേർക്കാഴ്ചകളാണ് പുറംലോകത്തെ അറിയിക്കുന്നത്. ഈ രാഷ്ട്രങ്ങളിലെ വളരെ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്ന ക്രിസ്ത്യൻ കുടുംബങ്ങളിലെ കുട്ടികളെയാണ് മറ്റു മതക്കാരായ സ്കൂൾഅധികാരികളും മതസ്ഥാനങ്ങളും ചൂഷണം ചെയ്യുന്നത്. ക്രിസ്ത്യൻ കുട്ടികളെ തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കാനായി ആകർഷിച്ച് അവരെ സ്ഥാപന ഉടമകളുടെ മതനിയമങ്ങൾക്കുള്ളിൽ തളച്ചിട്ട് ക്രൈസ്തവ വിശ്വാസം ത്യജിപ്പിക്കുകയാണ് രീതി. പല സ്ഥാപനങ്ങളിലും ക്രൈസ്തവ വിശ്വാസം ത്യജിക്കുവാൻ നിർബന്ധിക്കുന്നു. എതിർക്കുന്നവരെ മർദ്ദിക്കുകയും ഭീഷണിപ്പെടുത്തി മാനസികമായി തകർക്കുകയും ചെയ്യുന്നു. സ്ഥാപന ഉടമകളുടെ മതാനുഷ്ഠാനങ്ങൾ ചെയ്യുവാനായി നിർബന്ധിക്കുന്നു. ബർമ്മ-ബുദ്ധമത ഭൂരിപക്ഷ രാജ്യമാണ്. ഇവിടെ ബുദ്ധ സന്യാസികളുടെ സ്കൂളിൽ പഠിക്കുന്ന ക്രിസ്ത്യൻ വിദ്യാർത്ഥികളെ ബുദ്ധമതാചാരങ്ങൾ അനുഷ്ഠിക്കുവാൻ നിർബന്ധിക്കുന്നതായി റിപ്പോർട്ടു ചെയ്യുന്നു. ഇറാനും പാക്കിസ്ഥാനും മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള രാജ്യങ്ങളാണ് ഇവിടെയും ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഭീഷണിയും മർദ്ദനങ്ങളും ഏൽക്കേണ്ടതായി വരുന്നു. മതപരിവർത്തനം നടത്തുവാനും ശ്രമം നടത്തുന്നു. നൈജീരിയായിൽ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ ക്രൈസ്തവർക്ക് ആശ്രയം ഇവരുടെ സ്ഥാപനങ്ങളാണ് ഇവിടെയും സമാനമായ സ്ഥിതിവിശേഷണമാണ് നിലനിൽക്കുന്നത്. എന്നാൽ മെക്സിക്കോയുടെ പ്രത്യേകത റോമൻ കത്തോലിക്കാ ഭൂരിപക്ഷ രാജ്യമാണെന്നതാണ്. ഇവിടത്തെ പ്രൊട്ടസ്റ്റന്റ് സഭകളും സുവിശേഷ വിഹിത സഭകളും കടുത്ത വിവേചനമാണ് നേരിടുന്നത്. ധാരാളം ആളുകൾ കത്തോലിക്കാ സഭ വിട്ട് പുറത്തു വരുന്നു. അവർക്ക് പീഡനങ്ങളാണ് നേരിടേണ്ടി വരുന്നത്. സ്കൂളുകളിലെ വിദ്യാർത്ഥികളാണ് കൂടുതലായും സഹിക്കുന്നത്.

Source: www.disciplesnews.com

## ഭൂമിയെ പൊള്ളിക്കുമോ? അന്റാർട്ടിക് സമുദ്രത്തിൽ 40-ൽ അധികം മീഥെയ്ൻ ചോർച്ചകൾ കണ്ടെത്തി ശാസ്ത്രജ്ഞർ



**ആ**ഗോള താപനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളിലൊന്നായ മീഥെയ്ൻ അന്റാർട്ടിക് സമുദ്രത്തിന്റെ അടിത്തട്ടിലുള്ള വിള്ളലുകളിലൂടെ അപകടകരമായ വേഗതയിൽ പുറത്തുവരുന്നതായി കണ്ടെത്തി ശാസ്ത്രജ്ഞർ. നേച്ചർ കമ്മ്യൂണിക്കേഷൻസിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നത്, ദക്ഷിണ സമുദ്രത്തിലെ റോസ് കടലിലുള്ള ആഴംകുറഞ്ഞ ഭാഗത്താണ് 40-ൽ അധികം മീഥെയ്ൻ ചോർച്ചകൾ (methane seeps) ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞത്. ശക്തമായ ഹരിതഗൃഹവാതകമായ മീഥെയ്ൻ ചോരുന്നത് ആഗോള കാലാവസ്ഥ താറുമാറാക്കിയേക്കാമെന്ന ആശങ്ക ഇതോടൊപ്പം ഉയരുന്നു.

**ഉയരുന്ന മീഥെയ്ൻ ചോർച്ചയും ആശങ്കകളും**

മുമ്പ് അന്റാർട്ടിക്കിൽ ഒരൊറ്റ സജീവ മീഥെയ്ൻ ചോർച്ച മാത്രമെ സ്ഥിരീകരിച്ചിരുന്നുള്ളൂ. 'ഇത്രയധികം പുതിയ മീഥെയ്ൻ ചോർച്ചകൾ കണ്ടെത്തിയത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. വിരളമാണെന്ന് കരുതിയിരുന്ന മീഥെയ്ൻ ചോർച്ച ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. സമുദ്രാടിത്തട്ടിൽ കണ്ടെത്തിയ മീഥെയ്ൻ ചോർച്ചകളിൽ പലതും മുമ്പ് പഠനം നടത്തിയിരുന്ന സ്ഥലങ്ങളിലാണ്.

മീഥെയ്ൻ അതിവേഗം അന്തരീക്ഷത്തിലേക്ക് എത്തിച്ചേരുകയും ഭൂമിയിലെ താപനില ഉയർത്താൻ കാരണമാവുകയും ചെയ്യുമോ എന്നതാണ് പ്രധാന ഭയം. കൂടാതെ, ഈ മീഥെയ്ൻ ചോർച്ചകൾ സമുദ്രത്തിലെ ആവാസവ്യവസ്ഥയെ താളംതെറ്റിക്കാനും പ്രാദേശിക സമുദ്രജീവികളിൽ തുടർച്ചയായ പ്രത്യാഘാതങ്ങൾ (cascading impacts) ഉണ്ടാക്കാനും സാധ്യതയുണ്ടെന്നും ഗവേഷകയായ സാറാ സീബ്രൂക്ക് പറഞ്ഞു.

**മീഥെയ്ൻ ചോർച്ചയും കാലാവസ്ഥാ വ്യതിയാനവും**

സമുദ്രത്തിന്റെ അടിത്തട്ടിൽ മീഥെയ്ൻ ചോർച്ചകൾ സംഭവിക്കുന്നതിന്റെ കൃത്യമായ കാരണം വ്യക്തമല്ലെങ്കിലും, കാലാവസ്ഥാ മാറ്റവുമായി ഉണ്ടാവാനിടയുള്ള ബന്ധങ്ങൾ ഗവേഷകർ പരിശോധിക്കുന്നുണ്ട്. ആഗോളതാപനം തുടരുകയാണെങ്കിൽ ഈ മീഥെയ്ൻ ചോർച്ചകൾ വരാനിരിക്കുന്ന അപകടത്തിന്റെ പ്രഭവകേന്ദ്രവുമായി മാറിയേക്കാം.

Source: www.asianetnews.com

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം

# ജീവിതത്തിൽ പുതുവഴി തുറക്കുന്ന ദൈവം



മുനിഗുഡയിൽ ഗണ്ടിക്കൽഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത്. ഹിന്ദു കുടുംബത്തിലെ അംഗമാണ് ഞാൻ. മദ്യത്തിന്റെയും കഞ്ചാവിന്റെയും കച്ചവടംകൊണ്ട് ഉപജീവനം നടത്തിവന്നിരുന്നു. ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിമാർ തുടർച്ചയായി ഞങ്ങളുടെ കുടുംബത്തെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ദൈവവചനം പങ്കുവെക്കുകയും ചെയ്തു.

ദൈവവചനം കേട്ടപ്പോൾ പശ്ചാത്തപിക്കുകയും കഞ്ചാവ് ബിസിനസ്സ് പൂർണ്ണമായും ഉപേക്ഷിക്കുകയും ചെയ്തു. മദ്യവിൽപന നിർത്താനും തീരുമാനിച്ചു. കുറച്ച് മാസങ്ങൾക്ക് മുമ്പ്, ഞങ്ങളുടെ മൂത്തമകൻ മരിച്ചു, ജീവിതം വളരെ വിഷമത്തിലായിത്തീർന്നു. തൊഴിലവസരങ്ങൾ ഇല്ലാത്തതിനാലും ഗ്രാമപ്രദേശമായതിനാലും, മറ്റ് ഉപജീവനമാർഗ്ഗങ്ങളില്ലാതെ വളരെയധികം ഭാരപ്പെട്ടു. ശരിയായ പാതയിൽ എങ്ങനെ ജീവിതം നയിക്കണമെന്നും മുന്നോട്ട്പോകാൻ എന്തുചെയ്യണമെന്നും അറിയാതെ പൂർണ്ണമായും സമാധാനം നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു.

യേശുവിലൂടെ സമാധാനം കണ്ടെത്തി, കർത്താവായ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. ഞായറാഴ്ചകളിൽ പള്ളിയോഗങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുന്നു. ജീവിതം നയിക്കാൻ ദൈവം ഒരു പുതിയ വഴി ഒരുക്കിയിരിക്കുന്നു. അതിന്റെ പൂർത്തീകരണത്തിനായി ദയവായി പ്രാർത്ഥിക്കുക.

മുന്ന, ഒഡീഷ



# ആദരാഞ്ജലികൾ

## ഏലിയാമ്മ കോരത് (95)

ഇരിങ്ങോൾ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഗോസ്പൽ ടീം എറണാകുളം ഈസ്റ്റ് കൺവീനർ ശ്രീ. എ. കെ. ബേബിയുടെ മാതാവ് ഇരിങ്ങോൾ, എമ്പാശ്ശേരിൽ വീട്ടിൽ ശ്രീമതി ഏലിയാമ്മ കോരത് (96) 13.08.2025–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



## ജീവിത പങ്കാളിയെ തേടി


സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :............................................................ ഒപ്പ്:....................

# ആരോഗ്യവിചാരം

## 2025 ലെ വൈദ്യശാസ്ത്ര നൊബേൽസമ്മാനം ടി സെല്ലുകളുടെ കണ്ടെത്തലിന്; എന്താണ് ടി കോശങ്ങൾ?



റെഗുലേറ്ററി ടി സെല്ലുകൾ എന്നറിയപ്പെടുന്ന പ്രത്യേക പ്രതിരോധ കോശങ്ങളെ കണ്ടെത്തിയ മേരി ഇ. ബ്രോങ്കോവ്, ഫ്രെഡ് റാംസ് ഡെൽ, ഷിമോൺ സഗാഗുച്ചി എന്നിവർക്കാണ് 2025 ലെ വൈദ്യശാസ്ത്ര നൊബേൽ പുരസ്ക്കാരം. ഇമ്യൂൺ ടോളറൻസിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഈ കണ്ടെത്തൽ ഓട്ടോ ഇമ്യൂൺ രോഗങ്ങളെയും അർബുദത്തെയും ചികിത്സിക്കാൻ പുതുവഴികൾ തുറക്കുമെന്നും അവയവമാറ്റ ശസ്ത്രക്രിയകളുടെ വിജയശതമാനം മെച്ചപ്പെടുത്തുമെന്നും കരുതപ്പെടുന്നു.

**എന്താണ് ടി കോശങ്ങൾ?**

അണുബാധകൾക്കെതിരെയുള്ള ശരീരത്തിന്റെ പ്രതിരോധത്തിൽ മുഖ്യപങ്ക് വഹിക്കുന്ന ശ്വേത രക്തകോശങ്ങളിലൊന്നാണ് ടി സെല്ലുകൾ. മജ്ജയിൽനിന്നു ഉത്ഭവിക്കുന്ന ഈ കോശങ്ങൾ തൈമസിൽ പൂർണ്ണവളർച്ച പ്രാപിക്കുന്നു. തൈമസിൽ വളർച്ചപ്രാപിക്കുന്നതിനാലാണ് ടി കോശങ്ങൾ എന്ന് ഇവക്ക് പേരിട്ടിരിക്കുന്നത്. പ്രത്യേകം പ്രത്യേകം ജോലികളുള്ള നിരവധി തരത്തിലുള്ള ടി സെല്ലുകളെ നമ്മുടെ പ്രതിരോധ സംവിധാനം ഉത്പാദിപ്പിക്കുന്നുണ്ട്.

**വ്യത്യസ്തരായ റെഗുലേറ്ററി ടി കോശങ്ങൾ**

പല ടി കോശങ്ങളും ബാക്ടീരിയ, വൈറസ്, അർബുദകോശങ്ങൾ എന്നിവയെ കണ്ടെത്താനും നശിപ്പിക്കാനും സഹായിക്കുന്ന പടയാളികളെപ്പോലെ പ്രവർത്തിക്കുമ്പോൾ കുറച്ച് സമാധാനകാംക്ഷികളാണ് റെഗുലേറ്ററി ടി കോശങ്ങൾ. ഇവ പ്രതിരോധ സംവിധാനം ശരീരത്തിലെതന്നെ കോശസംയുക്തങ്ങളെ ആക്രമിക്കുന്ന ഓട്ടോ ഇമ്യൂണിറ്റിയെന്ന പ്രതിഭാസത്തെ നിയന്ത്രിക്കാൻ സഹായിക്കുന്നു. തൈമസിന് പുറത്ത് ശരീരത്തിന്റെ പെരിഫെറൽ അവയവങ്ങളിലും കോശസംയുക്തങ്ങളിലും ഈ നിയന്ത്രണം നടക്കുന്നതിനാൽ ഈ ശേഷിക്ക് പെരിഫെറൽ ഇമ്യൂൺ ടോളറൻസ് എന്നാണ് പറയുന്നത്. ഈ റെഗുലേറ്ററി ടി സെല്ലുകൾ ഇല്ലെങ്കിൽ സാധാരണ പ്രതിരോധ പ്രതികരണങ്ങൾ പോലും നിയന്ത്രണം വിട്ട് പ്രധാനപ്പെട്ട അവയവങ്ങളെ ശരീരംതന്നെ നശിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തും.

1995-ൽ ഷിമോൺ സഗാഗുച്ചിയാണ് റെഗുലേറ്ററി ടി സെല്ലുകളെ ആദ്യമായി തിരിച്ചറിഞ്ഞത്. റെഗുലേറ്ററി ടി കോശങ്ങളുടെ വളർച്ചയിൽ നിർണ്ണായകമായ $Foxp^3$ ജീനിനെ 2001-ൽ കണ്ടെത്തിയ മേരി ഇ. ബ്രങ്കോവും ഫ്രെഡ് റാംസ് ഡെല്ലും ഈ ഗവേഷണത്തിനെ അടുത്ത തലത്തിലേക്ക് എത്തിച്ചു. ഈ ജീനുകളിൽ സംഭവിക്കുന്ന ജനിതക പരിവർത്തനങ്ങൾ എലികളിലും മനുഷ്യരിലും നിരവധി ഓട്ടോഇമ്യൂൺ രോഗങ്ങൾക്ക് കാരണമാകാമെന്ന് ഇവർ കണ്ടെത്തി. ഐപെക്സ് സിൻഡ്രോമെന്നാണ് ഈ അപൂർവ്വ സാഹചര്യത്തിന് പേര്. $Foxp^3$ റെഗുലേറ്ററി ടി കോശങ്ങളുടെ നിർമ്മാണത്തെയും പ്രവർത്തനത്തെയും നിയന്ത്രിക്കുന്നതായി സഗാഗുച്ചിയും പിന്നീട് കണ്ടെത്തി.

എങ്ങനെയാണ് പ്രതിരോധ സംവിധാനം അണുബാധയെ ആക്രമിക്കുമ്പോൾത്തന്നെ സ്വന്തം ശരീരത്തിലെ മറ്റ് കോശങ്ങൾക്ക് ഹാനിവരാതെ നോക്കുന്നതെന്ന് മൂവരുടെയും കണ്ടെത്തലുകൾ വ്യക്തമാക്കി. 1961-ൽ ജനിച്ച മേരി ഇ. ബ്രങ്കോവ് അമേരിക്കയിലെ പ്രിൻസ്റ്റൺ സർവ്വകലാശാലയിൽനിന്നാണ് ഡോക്ടറേറ്റ് സ്വന്തമാക്കിയത്. ഇപ്പോൾ സിയാറ്റിലിൽ ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിസ്റ്റംസ് ബയോളജിയിൽ സീനിയർ പ്രോഗ്രാം മാനേജരായി ജോലിചെയ്തു വരുന്നു. 1960-ൽ ജനിച്ച ഫ്രെഡ് റാംസ്ഡെൽ ലോസ് ആഞ്ചലസിലെ കാലിഫോർണിയ സർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടി. ഇപ്പോൾ സാൻഫ്രാൻസിസ്കോയിലെ സൊണോമ ബയോതെറാപ്യൂട്ടിക്സ് സയന്റിഫിക് അഡ്വൈസറാണ്. 1951 ൽ ജനിച്ച ഷിമോൺ സഗാഗുച്ചി ജപ്പാനിലെ ക്യോട്ടോ സർവ്വകലാശാലയിൽനിന്നാണ് ഡോക്ടറേറ്റ് കരസ്ഥമാക്കിയത്. ഇപ്പോൾ ഒസാക സർവ്വകലാശാലയിലെ ഇമ്യൂണോളജി ഫ്രോണ്ടിയർ റിസർച്ച് സെന്ററിൽ വിശിഷ്ട പ്രഫസറാണ്.

●●●

Source: www.manoramaonline.com

# ബൈബിൾ ക്വിസ് 2025 ഭാഗം : 11



(2 ശമൂവേൽ, വെളിപ്പാട്, GM ഒക്ടോബർ 2025)

1. ഒന്നാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ പെയ്ത കല്മഴയുടെ പ്രത്യേകത?
2. ഗാദ് പ്രവാചകൻ ദാവീദിന്റെ ആരായിരുന്നു?
3. ആകാശത്തുനിന്ന് വീണ ദീപംപോലെ ജ്വലിക്കുന്ന നക്ഷത്രത്തിന്റെ പേര് ?
4. നാം യഹോവയുടെ കയ്യിൽ തന്നേ വീഴുക ആര് ആരോട് പറഞ്ഞു?
5. അവയിൽ മൂന്നിലൊന്ന് ഇരുണ്ടുപോയി. എവയിൽ?
6. ദാൻമുതൽ ബേർ - ശേബവരെ മഹാമാരിയാൽ മരിച്ചവർ എത്ര?
7. എന്ത് ഹേതുവായി ഭൂവാസികൾക്ക് കഷ്ടം, കഷ്ടം, കഷ്ടം എന്നാണ് കഴുക് പറഞ്ഞത് ?
8. ഒറിജിനൽ മാനുവൽ തന്നേ നോക്കി ജീവിതത്തെ നയിക്കുവാൻ സാധിക്കുന്നത് ——— കാരണമായിത്തീരും.

ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തിയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.

9. ജനത്തിൽ നാശംചെയ്യുന്ന ദൂതനെ യഹോവ വിലക്കിയപ്പോൾ അവൻ എവിടെ ആയിരുന്നു?
10. ആർക്കാണ് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചത് ?

## ബൈബിൾ ക്വിസ് 2025 - ഭാഗം 10 ശരിയുത്തരങ്ങൾ

1. നൂറിരട്ടി (2 ശമൂവേൽ 24:3)
2. ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ (വെളിപ്പാട് 8:1)
3. അരോവേരിലും യസേരിന്നു നേരെയും (2 ശമൂവേൽ 24:5)
4. ധൂപവർഗ്ഗത്തിന്റെ പുക (വെളിപ്പാട് 8:4)
5. 9 മാസവും 20 ദിവസവും (2 ശമൂവേൽ 24:8)
6. മിര്യാമിനെപ്പോലെ (ജിഎം സെപ്റ്റംബർ പേജ് 25)
7. യാഗപീഠത്തിലെ കനൽ (വെളിപ്പാട് 8:5)
8. 8+5=13 ലക്ഷം പേർ (2 ശമൂവേൽ 24:9)
9. ഏഴുവരും (വെളിപ്പാട് 8:6)
10. ജനത്തെ എണ്ണിയത് (2 ശമൂവേൽ 24:10)

## ഭാഗം-9 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഐസക്, റാഹേലമ്മ ജോർജ്ജ്, ത്രേസി ചാക്കോ, ലില്ലി ചാക്കോ, ജിൻസി എഡ്ബി, മത്തായി എം.എ., തങ്കച്ചി വർഗീസ്, സുജ നെൽസൺ, ബിനി റെജി

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889

JANCY VARGHESE : 94465 23654

C.K. ABRAHAM : 94478 74276

VALSA KURIAKOSE : 94972 80050

M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM - 6.00 PM

**Address :** E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556

**Phone :** (+91) 8281616654 (Whatsapp)

**Email :** egmofindia@gmail.com

**Website :** www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

ഡോ. വി. പി. മത്തായി
വാലയിൽ എഴുതിയ

**'ദൈവഹിതവും ദൈവശബ്ദവും എങ്ങനെ തിരിച്ചറിയും..?'**

എന്ന പുസ്തകം ഇപ്പോൾ വില്പനയിൽ.
ഈ പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ
ഓഫീസുമായി ബന്ധപ്പെടുക.

**8281616654**




## ഗോസ്പൽ ടീം സഹവിശ്വാസികൾക്കിടയിലേക്ക്




നമ്മുടെ ഗോസ്പൽ ടീമിന്റെ നേതൃത്വത്തിൽ കൺവെൻഷനുകളോ സുവിശേഷയോഗങ്ങളോ, ഏകദിന ധ്യാനങ്ങളോ വിവിധ സ്ഥലങ്ങളിൽ മിഷൻ ടീം അംഗങ്ങൾ വന്ന് നടത്തിത്തരുന്നതിന് ഞങ്ങൾക്ക് താത്പര്യം ഉണ്ട്. സഭാവ്യത്യാസമില്ലാതെ ആവശ്യപ്പെടുന്ന കൂട്ടായ്മകളിലൊ ഭവനങ്ങളിലൊ, പള്ളികളിലൊ പ്രേയർ ഹാളുകളിലൊ പ്രതിഫലേച്ഛയില്ലാതെ ക്രമീകരിപ്പാൻ ആഗ്രഹിക്കുന്നു. താത്പര്യമുണ്ടെങ്കിൽ ഉത്തരവാദിത്വപ്പെട്ടവർ ഈ നമ്പരിൽ Contact ചെയ്യണമേ.

**CONTACT: +918281616654 +919447707654**



## ഹ്യസ്വകാല ബൈബിൾ കോഴ്സ്

കേരളത്തിലെ വിവിധ ജില്ലകളിൽ ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ ഹ്യസ്വകാല ബൈബിൾ കോഴ്സ് ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവവചനം കൂടുതൽ ആഴത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഇതൊരു അവസരമാണ്. താത്പര്യമുള്ളവർ അറിയിക്കണമേ....

**CONTACT: +91 8281616654, +91 9447707654**

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

Name : EGM OF INDIA A/c No : 337 572 223 61

Name : MATHAI V.P. A/c No : 303 940 841 48

State Bank of India
Perumbavoor
IFSC: SBIN0008661
SWIFT: SBININBB395

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

Name: HELP INDIA MISSION
A/c No: 100 302 000 284 26
Name: MATHAI V.P. A/c No: 100 301 005 826 13

Federal Bank
Perumbavoor
IFSC: FDRL0001003
SWIFT: FDRLINBBIBD

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/– രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

E.G.M. OF INDIA

# ക്രിസ്മസ് സന്തോഷം ഭാരത ഗ്രാമങ്ങളിലേക്കും...



*"നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു: നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു: ആധിപത്യം അവന്റെ തോളിൽ ഇരിക്കും.; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.' (യെശയ്യാവ് 9:6)*



കർത്താവിൽ പ്രിയ സഹോദരങ്ങളെ,

**അ**ഖിലാണ്ഡത്തിന്റെ ഉടയവനായ കർത്താവായ യേശുക്രിസ്തു മാനവരാശിയുടെ പാപമോചനത്തിനായി വിണ്ണിൽ നിന്നും മണ്ണിലേക്കിറങ്ങിവന്നതിന്റെ സ്മരണയുടെ ദിനങ്ങളാണല്ലോ നമ്മുടെ മുന്നിലുള്ളത്. നമ്മളൊക്കെ ക്രിസ്മസ് വളരെ ആർഭാടമായി, ചിലവ് ചെയ്ത് ആഘോഷിക്കുന്ന ഒരു രീതിയാണല്ലോ ഉള്ളത്. ആഘോഷങ്ങൾ ഇങ്ങനെ ഒന്നിനു പുറകെ ഒന്നായി വരുമ്പോൾ നമുക്കു ചുറ്റും കാണുന്ന വളരെ വലിയ ദരിദ്രരായവരുടെ സമൂഹത്തെ നമ്മൾ വിസ്മരിക്കും. ഭാരതസുവിശേഷീകരണത്തിനു ചുമതല കൊടുത്തിരിക്കുന്ന ഇ.ജി.എം. ഓഫ് ഇന്ത്യ നമ്മൾ പ്രവർത്തിക്കുന്ന മിഷൻ ഫീൽഡുകളിലെ ആദിവാസികളായ മക്കൾക്ക് ക്രിസ്മസ് സമ്മാനം വിതരണം ചെയ്യാറുണ്ട്. എല്ലാ വർഷവും നൽകി വരുന്നതിനാൽ അവർ വളരെ പ്രതീക്ഷയോടു കൂടിയാണ് ക്രിസ്മസ് സമ്മാനത്തിനായി കാത്തിരിക്കുന്നത്. ഈ വർഷവും ഒരു കുട്ടിക്ക് 300 രൂപ വരുന്ന സമ്മാനമാണ് കൊടുക്കുവാൻ ആഗ്രഹിക്കുന്നത്. ഇതുവഴി കർത്താവിന്റെ മനുഷ്യാവതാരവും രക്ഷണ്യ പ്രവർത്തികളും, ദൈവത്തിന്റെ സ്നേഹവും പകുവക്കുവാൻ കഴിയുന്നു. ഭാരത സുവിശേഷീകരണ ശുശ്രൂഷയുടെ ഭാഗമായി നമ്മൾ ചെയ്യുന്ന ഈ പ്രവർത്തനത്തിൽ മുന്നൂറ് രൂപയോ അതിന്റെ ഗുണിതങ്ങളോ ആയ തുക താഴെ കാണുന്ന അക്കൗണ്ട് നമ്പറിലേക്ക് അയച്ച് തന്ന് ഈ നിയോഗത്തിൽ നമുക്കൊരുമിച്ച് പങ്കാളികളാകാം. ഡിസംബർ അഞ്ചാം തീയതിക്കു മുമ്പേ എന്തെങ്കിലും സാഹചര്യങ്ങളുണ്ടെങ്കിൽ ദൈവസ്നേഹത്തിൽ ഈ സാധുക്കളിൽ സാധുക്കളായ മക്കളെ സന്തോഷിപ്പിക്കുന്നതിൽ പങ്കാളികളാകണമേ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കർതൃ ശുശ്രൂഷയിൽ

ഡോ. വി.പി. മത്തായി വാലയിൽ

| A/C Name : EGM OF INDIA | A/C Name : V. P. MATHAI VALAYIL |
|---|---|
| A/C NO : 100 301 005 417 42 | A/C NO : 303 940 841 48 |
| Federal Bank, Perumbavoor | SBI, Perumbavoor (Official) |
| IFSC : FDRL0001003 | IFSC : SBIN0008661 |

G Pay

EGM OF INDIA
+91 91883 79654

UPI ID: egmofindia@sbi

**Call/Whatsapp : 8281616654 | 9447707654**

പണം അയക്കുന്നവർ നിർബന്ധമായും പേരും മേൽവിലാസവും അയച്ച തുകയും കാണിച്ച് വാട്ട്സ്ആപ്പ്/ ഇ-മെയിൽ/ S.M.S/ കത്ത് അയക്കുകയോ ചെയ്ത് അക്കൗണ്ടിംഗിന് സഹായിക്കുമല്ലോ. 5 ദിവസത്തിനകം Whatsapp/ Phone Call മുഖേന രസീത് വരാതിരുന്നാൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. *2000 രൂപയ്ക്ക് മുകളിലുള്ള തുക ചെക്ക്/ ഡ്രാഫ്റ്റ്/ നേരിട്ട് ബാങ്കിലേക്ക്/ ഇന്റർനെറ്റ് മുഖേന അയക്കേണ്ടതാണ്.*

**പണം അയക്കേണ്ട വിലാസം**

E.G.M. OF INDIA, Mission Centre, Allapra P.O, Allapra, Ernakulam Dist., Kerala - 683 556

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.10.2025

**ഗോസ്പൽ മെസഞ്ചർ** വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# Morning Fellowship


**എല്ലാ ദിവസവും 5.40 am - 6.40 am**

**Google Meet Meeting Code : iib-yyvd-seq**

# രക്ഷാസന്ദേശം

**ടി. വി പ്രോഗ്രാം**

POWERVISION



**പവർവിഷൻ ചാനലിൽ**
**ബുധനാഴ്ച** രാത്രി 9 ന്

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

**www.youtube.com/egmof india** Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.